# THE CHURCH WEEKLY

| Vol. VIII. | SUNDAY 21ST NOVEMBER 1954 | PRICE 2 ANNAS A COPY | NO. 46 |
|---|---|---|---|

## CHRISTUS IMPERATOR

Father Laurence S. Jackson, M. A., L. Th., H. C. F.

I

"In the world ye shall have tribulation, but be of good comfort, I have overcome the world."

S. John 16: 33.

God has never promised that life for the Christian will be easy, but he has promised that power will be available for those who desire to follow Jesus the Master.

Effort is always required, or in other words, we must set our face towards God, and then he comes to meet us, as it were and he brings with him all divine resources.

However, we must ever be prepared to face difficulties and in this respect we shall only experience the sort of things which were the lost of Christ when He was on earth.

We know that the Master is now in heaven, but on earth he tabernacled in a human body, taking manhood into Godhead. We believe that when he took flesh from Mary, he allied humanity to divinity and so he remaineth now for ever. Still his body bears the scars of his passion, which remain as signs of the tribulation he endured on earth.

He could not be triumphant now, but for that which had gone before. Only by waging war against evil first: only by its conquest could he enter into his kingdom

Think of his own words: I have power to lay down my life, and I have power to take it up again. He freely offered his life on the altar of the cross on the first Good Friday. He took it up again, as far as the world was concerned three days later, when the body of his humiliation was freed from the limitations of earth. He took a glorified body unto the heavenly places, where in the language of the creed, he sitteth at the right hand of the Father, in other words "he occupies the highest place that heaven affords", the position of authority and power. From heaven he reigns, and he tells us to be of good cheer, for he has overcome the world. It is a great thought, and notice that the Master says "I *have* overcome the world", not: I will overcome the world.

It is exhilarating to realise that Christ's victory is complete, yet how can this be in a world which is so full of false beliefs. It would seem that India is no nearer being Christian than it was a thousand years ago. Indeed at one time, the Christian Church was a much more powerful entity in this country than at the present day and its present condition is due to loss of zeal.

May I give a simple illustration. If we want to row up stream, we must use the oars, if we ship our oars, then our boat will drift with the stream Likewise, unless energy is ever present in the life of the Christian, there will be a drifting and consequent determination.

Sometimes the question is raised as to why God permits evil, and surely the answer is that evil is allowed to exist in order that humanity may be inspired to effort, and effort sustains life.

Think of our Master's sojourn on earth. From the cradle to the grave it was a life of energy The scriptures tell us that the child Jesus increased in stature and knowledge and in favour with God and man. These are mysterious words, but they do empty that the energetic divine principle was moving within the being of and so, after the tribulation of the earthly life, came the coronation of Jesus, when he took his rightful place within the courts of heaven.

You will remember what the Master himself said on the night of his resurrection 'Ought not Christ to have suffered these things and to enter into His glory? And the writer of the Epistle to the Hebrews expresses it in another way. He speaks of Christ enduring the cross, for the joy that was set before him.

The Ascension is a great event in our Lord's life, for it proclaims the triumph of MAN. Jesus Christ by his victorius life and death, wrested from the evil-one, the power he had been permitted to wield for a season, In Christ Man is a conqueror.

No wonder the angels bowed their heads when the Master took possession of his throne. They gazed in wonder at the shining scars, the marks of his passion.

And as we behold this mystery, may we reverently say of the angels, prostrate before the Crowned Figure of the Son of God, the Second Adam, that there was a wistfulness in their regard. They only know him as Lord, Master and King, for they have never sinned. But he is our Saviour, and we, children of the earth, realise the joy of forgiven sin, and the angels cannot share that experience with us, though indeed, there is joy in the presence of the angels of God, over one sinner that repenteth. That was why their Lord had clothed himself with a body of flesh and blood, to ransom the

world from sin, but these prove spirts know not Christ as Redeemer. What a tremendous revelation of God's love! What a wonderful inspiration to us poor struggling mortals! The Cross is a sign to us that God cares: the Ascension following the Resurrection is a pledge to us that Righteousness will triumph at the last.

Look back over history, and it will be found that though evil is ever present in the world, yet good always emerges. This is true of the Incarnation of God in Christ, and the Cross has become a triumphal ladder stretching from earth to heaven, it is in fact, the way of light. To vary the figure, the Cross is like a camp, illuminating the life of the earthly toiler.

Through suffering and tribulation, Christ passed through the grave and gate of death to his resurrection and the glorious life of heaven, and there he reigns in glory amidst angels and archangels.

We must ever keep this in mind, for as it was with Christ, so will it be with us. Only through tribulation and suffering, through combat with the powers of evil, will come the assurance of victory.

In the world ye shall have tribulation, so saith the Master, and this was true in every respect of himself.

On no palace did he open his infant eyes, on the night of his nativity, only a stable saw his birth—a stable which he shared with the beasts of the stall. They together with Mary the mother, and the gentle S. Joseph were his first adorers.

As a little child he had to flee from his birth place and find in Egypt, among strangers, and false deities, a refuge from the wrath of King Herod. And there is the mystery of the babes of Bethlehem, who had to suffer vicariously for the infant Saviour. Even here we see tribulation. But though they knew it not, for those little ones, the "sorrow that endured for a night," because the "joy that cometh in the morning" For the "baptism of blood" which those Holy Innocents suffered, wafted them to the "heaven prepared for those who love HIM."

But to resume Christ throughout His earthly life was misunderstood. On one occasion, it would seem that his own kith and kin, thought him to be demented, his neighbours, at another time, took up stones to crush him to death, again his bearers cast his birth in his teeth—we were not born of fornication. His intimate friends, when danger approached, forsook him and fled, and even he could not die without becoming a spectacle to the multitudes who passed by his cross on the hill of Calvary. Abuse was poured upon him: he was mocked and taunted: Nevertheless he accepted it all for the joy that was set before him, and which he proclaimed from the better tree itself, when he said "It is finished" and proclaimed that salvation was availble for the children of men.

And here, I must tell you a little story. In England we have a little brown bird with a scarlet breast plate. We call him, Robin Redbreast and this is the tale of how he obtained his little red overcoat.

It would seem that the little brown bird had some knowledge of the Lord Jesus. He knew that the Master loved "the fowls of the air", and the little Robin loved him too. One day, he saw the Master carrying a heavy wooden cross, and being led up a hill outside Jerusalem. Then he saw the soldiers nailing the Redeemer to the wooden tree, and his little heart was like to burst with sorrow. Then the cross was created, and the Master lifted on high in the sight of all people. The little bird beheld the patience and courage of the crucified one, and his heart was filled with a divine pity and love, so much so that he wanted to help the sufferer. So he flew near the Tree, and he noticed that upon the Master's head there was a crown of thorns. He would try and remove one of the spiky thorns which pierced the temples of the crucified One. So he drew near, and with his beak tugged at one of the terrible spikes.

And as he did so, a drop of blood fell from the Master's brow on to the breast of the little brown bird, and the stain remains even to this day. Henceforth little "robin redbreast" bears the crimson of the Lord's precious blood. 'Tis but a story, but it portrays a lesson, for aftertimes human beings are put to shame by the devotion of God's brute creation.

"In the world ye shall have tribulation" and the Master might have added, "even as I have had tribulation." And the servant is not greater than his Lord, and here may I respect: God does not promise to his followers, an easy and comfortable life, but he does tell us where power can be obtained, so that we may be able manfully to fight against sin, the world and the devil, and to continue Christ's faithful soldiers and servants unto our life's end.

Human nature shrinks from pain and suffering So it was even with the divine Redeemer. And never more uses he like unto his earthly children, when in the Garden of Gethsemane he fought the good fight and overcame the evil-one.


## THE BANK OF NEW INDIA Ltd.

### H. O. TRIVANDRUM

BOARD OF DIRECTORS:

Sri. K. George B. A., Trivandrum (Chairman)
" E. J. Philipose B. A. B. L. Trivandrum.
" N. O. Inasu, Trichur,
" P. C. Kurian M. A. B. L., Madras.
" C. J John B. A. Kottayam.
" P. T. Varughese, Perumpavoor.
" P. K. Chacko, Alwaye.

K. E. CHERIAN,
General Manager.

അസ്സീസ്സിയിലെ ഫ്രാൻസിസ് 21

# വിനയത്തിന്റെ വെന്നിക്കൊടി

(എം. കുര്യൻ ബി. എസ്‌സി., കോതമംഗലം)

"കർത്താവിന്റെ ഗായകർ," "വട്ടമേശ യോദ്ധാക്കൾ" എന്നിവ ഫ്രാൻസിസ് തന്റെ കൂട്ടുകാർക്കു നൽകിയ കളിപ്പേരുകളാണ്. അവർക്കു പിൽക്കാലത്ത് ഉറച്ചു കിട്ടിയ പേര് "ഫ്രയാഴ്സ്മൈനർ" (കുറഞ്ഞ സഹോദരന്മാർ)എന്നായിരുന്നു. അതിവിനീതമായ ഒരു നാമമാണത്. അവരുടെ ദാരിദ്ര്യവും താണനിലയുമെല്ലാം അഭിവ്യഞ്ജിപ്പിക്കുന്ന ഒരു പദം. അതിവിചിത്രമായ ഒരു സങ്കരസമൂഹമായിരുന്നു അത്. എല്ലാ ജീവിത നിലയിലുമുള്ള വ്യക്തികളും "പോവരെല്ലോ" (കൊച്ചു ദരിദ്ര മനുഷ്യൻ)യുടെ സംഘത്തിൽ ചേർന്നുകൊണ്ടിരുന്നു. ഇത്രയധികം വൈവിധ്യം കലർന്ന മനുഷ്യരെ, ഒരു തരത്തിൽ അപരിചിതവും മറ്റൊരുതരത്തിൽ ഭയങ്കരവുമായ ഒരു ജീവിത ഗതിയിൽ കോർത്തിണക്കി ഒന്നിച്ചു കൊണ്ടുപോവുക ഫ്രാൻസിസിന്റെ അസാമാന്യമായ ഒരു വ്യക്തിവിലാസത്തിനുമാത്രം സാധ്യമാവുന്ന ഒരു പ്രയത്നമായിരുന്നു.

അക്കൂട്ടത്തിൽ ഏറ്റവും മുന്നിൽനിൽക്കുന്ന ഒരു വ്യക്തിയാണ് മാസ്സിയോ. ബുദ്ധിമാനുംസുന്ദരകളേബരനുമായ ഈ യുവാവ് നല്ല ഒരു വാഗ്മിയായിരുന്നു. വ്യക്തിപരമായി ധാരാളം അഭിമാനിക്കാൻ വകയുള്ള മാസ്സിയോ, സഹോദരങ്ങളുടെ കൂട്ടത്തിൽ വിനയസമ്പന്നതയ്ക്കു പേരെടുത്തയാളാണ്. വിനയശീലം പരിശീലിക്കുക ആദ്യമാദ്യം ഇദ്ദേഹത്തിനു വളരെ പ്രയാസകരമായി തോന്നിയിരിക്കണം. ഈ മാർഗ്ഗത്തിൽ ഗണ്യമായ വിജയം നേടുന്നതിന് കഠിനമായ പോരാട്ടം തന്നെ വേണ്ടിവന്നു. ഇതു സംബന്ധിച്ച് ഒരു കഥയുണ്ട്.

കാർസേരിയിൽ സഹോദരങ്ങൾ ധ്യാനത്തിലും പ്രാർത്ഥനയിലും സമയം കഴിച്ചുവന്നകാര്യം മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഭിക്ഷാടകരും ഉപദേശം തേടി വരുന്നവരും മറ്റും സഹോദരങ്ങളുടെ ധ്യാനസപര്യ വിഘ്നപ്പെടുത്തുന്നത് ഫ്രാൻസിസ് ഇഷ്ടപ്പെട്ടില്ല. ധ്യാന നിരതരായവർക്കു ഏതാനും ദിവസത്തേക്ക് അലോസരമുണ്ടാക്കരുതെന്ന് ഫ്രാൻസിസ് ആഗ്രഹിച്ചു. മാസ്സിയോയെ ഒന്നു പരീക്ഷിക്കണമെന്നും അദ്ദേഹം ഉദ്ദേശിച്ചു കാണണം. ഏതായാലും, ഫ്രാൻസിസ് മാസ്സിയോയെ വിളിച്ചു പറഞ്ഞു:

"സഹോദരാ, നിന്റെ ഈ സഹോദരങ്ങൾക്ക് പ്രാർത്ഥനയുടെയും ധ്യാനചിന്തയുടെയും വരം നൽകപ്പെട്ടിരിക്കുന്നു. നിനക്കോ പ്രസംഗവരമാണ് ലഭിച്ചിരിക്കുന്നത്. അതുകൊണ്ട് പ്രാർത്ഥനാലീനരെ അലട്ടാതിരിക്കുന്നതിനു വേണ്ടി, വാതിൽ കാവൽക്കാരന്റെയും കുശിനിക്കാരന്റെയും ജോലി നിനക്കു വഹിക്കാമോ? മറ്റു സഹോദരങ്ങൾ അകത്തു ഭക്ഷണത്തിനിരിക്കുമ്പോൾ, നിനക്ക് വാതിൽക്കലിരുന്ന് ആഹാരം കഴിക്കാം. ആരെങ്കിലും വരുന്ന പക്ഷം അവരെ നല്ലവാക്കു പറഞ്ഞു സാന്ത്വനിപ്പിച്ച് തിരിയെ അയയ്ക്കാൻ നിനക്കു കഴിയും. മറ്റു സഹോദരങ്ങൾക്കു പുറത്തു പോയി സംഭാഷിക്കാതെ കഴിയുകയുമാവാം."

അതികഠിനമായ ഒരു പരീക്ഷ തന്നെ. കൂട്ടത്തിൽ സുമുഖനും ഏറ്റവും ബുദ്ധിശാലിയുമായ തന്നെ അത്യന്തഹീനമായ ജോലി ഏല്പിച്ചതിൽ മാസ്സിയോയിക്കു പ്രയാസം തോന്നി. കുശിനിക്കാര്യമാണെങ്കിൽ മാറിമാറിചെയ്യുന്നതിനുള്ള സൗകര്യംപോലുമില്ല; താൻ തന്നെ തുടർച്ചയായി ചെയ്യേണ്ടിയിരിക്കുന്നു. തനിക്കും പ്രാർത്ഥനയ്ക്കു കുറേ സമയം കിട്ടിയാൽ കൊള്ളുകില്ലേ? അതിനു വേണ്ടിയല്ലേ ഇങ്ങേട്ടു വന്നത്? ഏതായാലും മാസ്സിയോ, വിനയത്തോടുകൂടെ ഫ്രാൻസിസ് ആവശ്യപ്പെട്ടതെല്ലാം ചെയ്തു. ഭക്ഷണം പാകപ്പെടുത്തി, ആഗതരെ കണ്ടു കാര്യം പറഞ്ഞു ഭക്ഷണം വിതരണം ചെയ്തു. മറ്റു സഹോദരങ്ങൾ അസ്വസ്ഥരായി. മിടുക്കനും നല്ലവനുമായ മാസ്സിയോ പ്രാർത്ഥനയ്ക്കുപോലും സമയമില്ലാതെ അവിശ്രാമം പണിയെടുക്കുന്നതു മറ്റു സഹോദരങ്ങൾക്കു രുചിച്ചില്ല. ഇത്തരം ജോലി ചിലയാളുകൾക്ക് പറ്റിയതായിരിക്കാം. എന്നാൽ മാസ്സിയോയ്ക്ക് അത് അശേഷം യോജിച്ചതാണെന്ന് അവർക്കു തോന്നിയില്ല. മാസ്സിയോയുടെ വേലയിൽ സഹായിക്കാൻ അവർ അനുവാദമിരന്നു. ബുദ്ധിമാനായ ഫ്രാൻസിസ് അനുജ്ഞ നൽകി. മാസ്സിയോ പരീക്ഷയിൽ വിജയിച്ചതായി അദ്ദേഹം കണ്ടു. മാസ്സിയോ പറഞ്ഞു: "പിതാവേ, അങ്ങെന്തു ജോലി എന്നെ ഏല്പിക്കുന്നുവോ അത് പൂർണ്ണമായി ദൈവഹിതമാണെന്ന് ധരിച്ചു പണി ചെയ്യാൻ ഞാൻ ഒരുക്കമാണ്". ഇതു കേട്ടു സന്തുഷ്ടനായ ഫ്രാൻസിസ് അവരോട് വിനയത്തെപ്പറ്റി അത്യുജ്ജ്വലമായ ഒരു പ്രസംഗം ചെയ്തു.

ഏലിയാസ് സഹോദരനെപ്പറ്റി എഴുതുക വിഷമമേറിയ ഒരു കൃത്യമാണ്. കരുത്തനും ഗൗരവക്കാരനുമായ ഏലിയാസ് കോർട്ടോണാ സ്വദേശിയായിരുന്നു. ക്രമസമാധാനങ്ങൾ പാലിക്കുന്നതിൽ ഏലിയാസിനു നൈസർഗ്ഗികമായ ഏതോ അഭിനിവേശംതന്നെയുണ്ടായിരുന്നു. സന്തോഷ മേളങ്ങളോടെ അല്ലലുമലച്ചലും, ഗണ്യമാക്കാതെ, കഴിഞ്ഞു വന്ന ആ സമൂഹത്തിൽ ഏലിയാസ് സ്ഥാനം തെറ്റി കയറിവന്ന ഏതോ വ്യക്തിയെപ്പോലെ തോന്നി. ഏലിയാസിന്റെ കുടുംബാംഗങ്ങൾ പാവപ്പെട്ട പായനെയ്ത്തുകാരായിരുന്നു. ഉൽക്കർഷേച്ഛുവും മേധാശക്തിയേറിയവനുമായ ഏലിയാസ് സ്വപ്രയത്നത്താലും കഠിനമായ അദ്ധ്വാനത്താലും പഠിച്ചുയർന്ന് ഒരദ്ധ്യാപകനായി. കുറേക്കഴിഞ്ഞ്, ബോലോഗ്നയിൽ പോയി പഠിച്ച് ഒരു അഡ്വൊക്കേറ്റായിത്തീരുകയും ചെയ്തു.

ഏലിയാസ് തന്റെ ഗുരുവിനെപ്പോലെ ദാരിദ്ര്യത്തെ പൂജിക്കുന്നില്ല. ഏലിയാസിന്റെ പിതാവ് പീട്രോബർണാഡിനെപ്പോലെ ധനികനായിരുന്നില്ലല്ലോ. മാർഗ്ഗംതെറ്റിയ ദാരിദ്ര്യപ്രേമം വ ദോഷം ജനിപ്പിക്കാൻ പര്യാപ്തമായിയെന്നുവരും. ദാരിദ്ര്യ കുമാരിയുടെ സൗന്ദര്യം ഏലിയാസു കണ്ടതേയില്ല. ഫ്രാൻസിസിനെ അദ്ദേഹം ഒരിക്കലും ശരിക്കു മനസ്സിലാക്കിയിരുന്നില്ലെന്നതാണു വാസ്തവം. അധികാരത്തോട് അമിതമായ ആസക്തിയുണ്ടായിരുന്നു താനും. പിൽക്കാലത്ത് ഏലിയാസ് തന്റെ ഗുരുവിനു കഠിനമായ മനോവ്യഥയ്ക്ക് കാരണമാക്കിയെങ്കിലും ഏലിയാസ് ഫ്രാൻസിസിനെ അത്യന്തം സ്നേഹിച്ചുവെന്നും, ഫ്രാൻസിസ് ഏലായാസിനെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നുവെന്നും നാം വിസ്മരിച്ചുകൂടാ.

കൊട്ടാരകവിയായിരുന്ന വില്യം (പസിഫിക്കോ) മിഴിവുറ്റ ഒരു ഗായകനായിരുന്നു. ആത്മാവു മുഴുവൻ തന്റെ ഗാനസുധയിൽ അലിഞ്ഞുചേർന്നപോലെ തോന്നും. പ്രസന്നവും വിജയപ്രദവും സമുജ്ജ്വലവും താല്പര്യസമ്പൂർണ്ണവുമായ ജീവിതം നയിച്ചുപോ

നിഖ്യാവിശ്വാസപ്രമാണം 8

# ദൈവത്തിന്റെ ഏകപുത്രൻ

റെവ. ഡീക്കൻ എം. വി. ജോർജ്ജ് എം. ഏ. എസ്. ടി. എം.

കൈസര്യയിൽ വച്ചു നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു എന്നു പത്രോസ് ശ്ലീഹാ ഏറ്റു പറഞ്ഞപ്പോഴാണല്ലൊ അതു വലിയൊരു ദൈവിക വെളിപാടാണെന്നു മിശിഹാതമ്പുരാൻ കല്പിച്ചതു്. (മത്താ. 16: 16, 17) ജഡരക്തങ്ങളാൽ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ലാത്തതും ദൈവം തന്നെ ശ്ലീഹന്മാൎക്കു വെളിപ്പെടുത്തിയതും സഭയുടെ മൂലക്കല്ലായിരുന്നതുമായ ഏക വലിയ വിശ്വാസസത്യമാണു് ഇതു്. അനേക പുത്രന്മാരിൽ ഒരുവനായിട്ടു യേശുക്രിസ്തുവിനെ പരിഗണിക്കുവാൻ ആൎക്കും വിഷമമില്ല. എന്നാൽ അങ്ങനെ വിഷമമില്ലാത്ത ഒന്നു വിശ്വസിക്കുവാനല്ല ദൈവം ആവശ്യപ്പെടുന്നതു്. പിന്നെയോ തന്റെ ഏക ജാതനായ പുത്രനിൽ വിശ്വസിക്കണമെന്നത്രെ ദൈവം മനുഷ്യജാതിയെക്കുറിച്ചാഗ്രഹിക്കുന്നതു്. (യോഹ. 3: 16) ഇതു വേദശാസ്ത്രജ്ഞന്മാർ ഇടയ്ക്കു കണ്ടുപിടിച്ച ഒന്നല്ല. പിന്നെയോ ക്രിസ്തീയസഭ ആദിമുതൽ കാതലായി വിശ്വസിച്ചിരുന്നതാണു്. അത്യുന്നതന്റെ പുത്രനെന്നു വിളിക്കപ്പെടുന്നവനും പിതാവായ ദൈവത്തിന്റെ സിംഹാസനത്തിനു് അൎഹനും യാക്കോബ് ഗൃഹത്തിനു് എന്നേക്കും രാജാവും അവസാനമില്ലാത്ത രാജ്യമുള്ളവനും ആയ യേശുക്രിസ്തു പരിശുദ്ധാത്മനിയോഗത്താൽ നിന്റെ ഉദരത്തിൽ ദൈവവചന ശക്തിയാൽ ഉത്ഭൂതമാകുവാൻ പോകുന്നു എന്നായിരുന്നുവല്ലൊ മറിയയോടു് ഏലിശബേത്തു് അറിയിച്ചതു്. ഈ ദൈവപുത്രൻ തന്നെയാണു് മനുഷ്യപുത്രൻ എന്ന പേരിനാലും പുതിയനിയമത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നതു്. ഈ മനുഷ്യപുത്രൻ ദൈവസിംഹാസനത്തിൽ മുമ്പേ ഇരുന്നവനും വീണ്ടും അവിടേയ്ക്കുതന്നെ കയറിപ്പോയവനും ആയ ദൈവകുമാരനത്രെ. (യോഹ. 6: 62) "മേലിൽ നിന്നു വരുന്നവൻ എല്ലാവൎക്കും മീതെയുള്ളവൻ. ഭൂമിയിൽനിന്നുള്ളവൻ ഭൗമികനാകുന്നു. ഭൗമികമായതു സംസാരിക്കുന്നു. സ്വൎഗ്ഗത്തിൽ നിന്നു വരുന്നവൻ എല്ലാവൎക്കും മീതെയുള്ളവനായി താൻ കാണുകയും കേൾക്കയും ചെയ്തതു് സാക്ഷീകരിക്കുന്നു." (യോഹ. 3: 31) ഇവൻ എനിക്കു മുമ്പേയുള്ളവനെന്നു' ഇവന്റെ മുന്നോടിയായ യോഹന്നാൻ സാക്ഷീകരിച്ചവനും (യോഹ. 1: 27) അബ്രഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ടായിരുന്നു എന്നു സധൈര്യം അരുളിച്ചെയ്തവനും (യോഹ. 8: 58) ഇവൻ അത്രെ. ഇതു കേട്ടപ്പോൾ അത്രെ യഹൂദന്മാർ അവനെ എറിവാൻ കല്ലെടുത്തതു്. ഇന്നും ഈ പ്രയാസമേറിയ വിശ്വാസ സത്യത്തിന്റെ മുമ്പാകെ ഹൈന്ദവചിന്തകന്മാരും റസ്സല്യകാരാദിയായ വേദവിപരീതികളും കല്ലെടുക്കുകയാണു ചെയ്യുന്നതു്. "പണ്ടു ഭാഗികമായിത്തന്നെത്തന്നെ വെളിപ്പെടുത്തിയ ദൈവം ഈ അന്ത്യകാലത്തു് അതായതു് ഏ. ഡി. യുടെ ആരംഭത്തിൽ പുത്രൻ മുഖാന്തിരം നമ്മോടു് അരുളിച്ചെയ്തിരിക്കുന്നു." (എബ്രാ. 1: 2) പുത്രനോടോ "ദൈവമേ നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളതു്. നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ" (എബ്രാ.1:8) എന്നു ദൈവമേ എന്നു് അഭിസംബോധന ചെയ്തുകൊണ്ടാണു് ഈ പുത്രനോടു മാലാഖമാർ തന്നെ സംസാരിക്കുന്നതു്. സകലദൂതന്മാരും അവനെ നമസ്കരിക്കണം. സകല മുഴങ്കാലുകളും അവന്റെ മുമ്പിൽ വണങ്ങണം. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സൎവ്വ സൃഷ്ടിക്കും ആദ്യകാരകനുമത്രെ. (കൊലോ:1:15 മുതൽ നോക്കുക.)

വചനം ഇല്ലാതെ ദൈവം ഒരു കാലത്തും ഇരുന്നിട്ടില്ല. അതുപോലെ തന്നെ പുത്രനില്ലാതെയും പിതാവു് ഒരു കാലത്തും ഇരുന്നിട്ടില്ല. ദൈവത്തിനു് സമനായിരിക്കെ ആ സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെയാണു ഈ ദൈവത്തിന്റെ ഏകകുമാരൻ ദാസ്യരൂപമെടുത്തു മനുഷ്യസാദൃശ്യത്തിലായതു്. (ഫിലി 2: 6,7) കാലങ്ങളുടെ തികവിൽ സംഭവിച്ച പ്രാപഞ്ചിക പ്രാധാന്യമുള്ള ഒരു സംഭവമായിരുന്നു യേശു ക്രിസ്തുവിന്റെ ജനനം. (ഗലാ 4:4) While Jesus Christ alone is God's eternal Son by right, we the human creatures can also become God's children by the grace of God's rightful Son. അബ്ബാ പിതാവേ, എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ തന്റെ കരുണയാൽ നമുക്കു ദാനം തന്നിരിക്കുന്നതുകൊണ്ടാണു് വെറും സൃഷ്ടികളായിരുന്ന നമ്മെ ദൈവപുത്രന്മാരും ദൈവികനന്മകളുടെ അവകാശികളുമാക്കിത്തീർത്തി

---

ന്ന വില്യം ഒരിക്കൽ തന്റെ ബന്ധുവായ ഒരു സിസ്റ്ററെ സന്ദൎശിക്കാൻ ഒരു കന്യാസ്ത്രീമഠത്തിലെത്തി. അവിടെ വച്ചു ഫ്രാൻസിസിന്റെ പ്രസംഗം കേൾക്കാനിടയായി. അതോടെ വില്യം രാജകൊട്ടാരത്തോടു യാത്ര പറഞ്ഞു. ആസ്ഥാനകവി ഒരു സന്യാസിയുടെ തവിട്ടുവസ്ത്രം അണിഞ്ഞു. അങ്ങനെ കവികുലസാമ്രാട്ടായ വില്യം പേരു മാറി പസിഫിക്കൊ (ശാന്തശീലൻ) സഹോദരനായി. തന്റെ പുതിയ ജീവിതത്തിൽ പസഫിക്കോ പാട്ടുകൾ രചിക്കുകയും സഹോദരങ്ങൾക്കു ഗാനസംവിധാനം നിൎവഹിച്ചുകൊടുക്കുകയും ചെയ്തുപോന്നു.

സൈമൺ സഹോദരനെപ്പറ്റി നമുക്കു വളരെയൊന്നും അറിഞ്ഞുകൂടാ. പരീക്ഷകളനുഭവിക്കുന്ന മനുഷ്യരോടു സൈമൺ വളരെ കരുണയോടും സഹാനുഭൂതിയോടും പെരുമാറിയതായും ദൈവസ്നേഹത്തെപ്പറ്റി മധുരമായി പ്രസംഗിച്ചതായും കേട്ടിട്ടുണ്ടു്.

ലളിതസ്വഭാവിയായ ജോണിനെപ്പറ്റിയും നമുക്കധികമൊന്നുമറിഞ്ഞുകൂടാ. എല്ലാക്കാര്യങ്ങളിലും ഫ്രാൻസിസിനെ തന്റെ ജീവിതത്തിൽ പകർത്തുകയാണു വേണ്ടതെന്നു മനസ്സിലാക്കിയ ജോൺ ഫ്രാൻസിസ് മുട്ടുകുത്തിയടത്തു മുട്ടു കുത്തുകയും നിന്നടത്തു നിൽക്കുകയും ചുമയ്ക്കുന്ന സമയത്തു ചുമയ്ക്കുകയും ചെയ്യുമായിരുന്നു. ഫ്രാൻസിസ് ജോണിനു സമ്മാനിക്കാറുള്ള നറും പുഞ്ചിരി സ്നേഹാൎദ്രമായിരുന്നു, സംശയമില്ല.

ഫ്രാൻസിസ് എല്ലാവൎക്കുംതന്നെ കളിപ്പേരുകൾ നൽകിയിരുന്നു. ബെൎണാർഡാണു സ്ഥാപകൻ. പീറ്റർ, പീറ്റർ പ്രഭു (പാണ്ഡിത്യം ഹേതുവായി) മുമ്പൊരു കൎഷകനും മിക്കപ്പോഴും ഫ്രാൻസിസിന്റെ അനുഗാമിയുമായ ഗൈൽസ് വട്ടമേശയോദ്ധാവു്. കൊച്ചു ദരിദ്രനെന്നാണു ഫ്രാൻസിസ് സ്വയം വിളിച്ചതു്. സഹോദരനായ കഴുതയെന്നാണു ശരീരത്തെപ്പറ്റി ഫ്രാൻസിസ് വിവക്ഷിച്ചിരുന്നതു്.

രിക്കുന്നതു്. സ്വന്ത സാദൃശ്യത്തിൽ ദൈവം സൃഷ്ടിച്ച ആദാമിന്റെ അധഃപതനംമൂലം ഇപ്പോൾ ദൈവസാദൃശ്യം അറിയുവാനുള്ള ഏകമാർഗ്ഗം അവന്റെ പുത്രനായ യേശുക്രിസ്തുവിനെ നോക്കുക എന്നുള്ളതാണ്. അകയാൽ നിങ്ങൾ എന്നെ ആരോടു സാദൃശ്യമാക്കും ഞാൻ ആരോടുതുല്യനാകും (ഏശായ 40:25) എന്ന ദൈവത്തിന്റെ ചോദ്യത്തിന് ദൈവമേ നിന്റെ പുത്രനോടല്ലാതെ ആരോട് നിന്നെ ഉപമിക്കേണ്ടു എന്നുമാത്രമേ നമുക്കു മറുപടിനൽകുവാൻ സാധിക്കുകയുള്ളു. പിതാവിന്റെ മുഖച്ഛായ അറിയുവാൻ പുത്രനേ അല്ലാതെ ദാസനെ നോക്കിയാൽ സാദ്ധ്യമല്ലല്ലോ. യേശുക്രിസ്തുവിന്റെ മുഖത്തിൽ കാണുന്ന ദൈവതേജസ്സിനെക്കുറിച്ചാണ് ക്രിസ്ത്യാനികളായ നമുക്കു പ്രശംസിക്കുവാനും സാക്ഷിക്കുവാനും ഉള്ളതു്. തന്റെ പുത്രനേക്കുറിച്ചുള്ള സുവിശേഷം ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് പൗലൂസ്ശ്ലീഹായ്ക്കു വെളിപ്പാടു ലഭിച്ചപ്പോൾ അവൻ മാംസരക്തങ്ങളോട് അനുവാദം ചോദിച്ചില്ലാ എന്ന് സന്തോഷത്തോട് രേഖപ്പെടുത്തിയിരിക്കുന്നു. (ഗലാ 1:16,17) ദൈവഭക്തിയുടെ മർമ്മം തന്നെ അവൻ ജഡത്തിൽ വെളിപ്പെട്ടു. ആത്മാവിൽ നീതീകരിക്കപ്പെട്ടു. ദൂതന്മാർക്ക് പ്രത്യക്ഷനായി ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു. ലോകത്തിൽ വിശ്വസിക്കപ്പെട്ടു. തേജസ്സിൽ എടുക്കപ്പെട്ടു എന്നുള്ളതുതന്നെ (1 തിമോ 3:16) ഈ പുത്രനേക്കുറിച്ചുള്ള സുവിശേഷത്തിന്റെ കലവറക്കാരാണ് ലോകത്തിൽ നിന്നു വിളിച്ചുവേർതിരിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ സഭ. എന്നാൽ പ്രതിയോഗിയായ സാത്താൻ അനേകരേയും വഞ്ചിച്ചിരിക്കുന്നു. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരുപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി (2 കോരി 4:4) സഭയുടെ ചുമതലയോ അങ്ങനെയുള്ള അവിശ്വാസികളെപ്പോലും യേശുക്രിസ്തുവിന്റെ അവർണ്ണനീയമായ പ്രഭാപൂരത്തിലേക്ക് ആനയിക്കുക എന്നുള്ളതാണ്. മനഃപൂർവ്വം നിഷേധിക്കുന്നവർക്ക് ന്യായവിധിനിർണ്ണയിക്കുന്ന ന്യായാധിപനും ഈ പുത്രൻ തന്നെയാണ്. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനേയും ബഹുമാനിക്കേണ്ടതിന് പിതാവ് ആരേയും ന്യായംവിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവർ അവനെ അയച്ച പിതാവിനേയും ബഹുമാനിക്കുന്നില്ല. (യോഹ 5:22,23)

ദൈവീകസ്നേഹവും ദൈവീകനീതിയും യേശുക്രിസ്തുവിൽ അന്നും ഇന്നും എന്നും അഭേദ്യമായി സംയോജിക്കപ്പെട്ടിരിക്കുയാണ്. താൻ ന്യായാധിപനായി വീണ്ടും വരുമെന്നുള്ളതു് താൻ രക്ഷകനായി വന്നതിന്റെ മറുവശമായി ചിന്തിക്കുന്നതു് അത്ര ശരിയല്ല. ഒന്നാംവരവിലും ദൈവനീതി നടത്തുകയും അതിനു വിധേയനാകയും ആണ് ദൈവപുത്രൻ ചെയ്തതു്. പീലാത്തോസിന്റെ മുമ്പിൽ രോമം കത്രിക്കുന്നവരുടെ മുമ്പിൽ മിണ്ടാതെ നിൽക്കുന്ന നിഷ്കളങ്ക കുഞ്ഞാടിനെപ്പോലെ താൻ നിന്നപ്പോഴും പീലാത്തോസിനെയും ലോകത്തെയും താൻ ന്യായം വിധിക്കയായിരുന്നു ചെയ്തതു്. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന് ലോകത്തിലേക്കയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതാണ്. അതുതന്നെയാണു സാക്ഷാൽ സ്നേഹവും. (1 യോഹ 4: 9, 10)

ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് നാം വായ്കൊണ്ടു ഏറ്റു പറഞ്ഞതുകൊണ്ടു മാത്രം നാം രക്ഷയ്ക്ക് അർഹരാകുന്നില്ല. തന്റെ ഐഹികജീവിതകാലത്ത് മഹോന്നതനായ ദൈവത്തിന്റെ പുത്രാ എന്നു പിശാചുക്കൾപോലും തന്നെ ഏറ്റുപറഞ്ഞു. കർത്താവേ കർത്താവേ എന്നു വിളിക്കുന്നവനല്ല തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ് തന്റെ സ്നേഹത്തിന് പാത്രീഭൂതരാകുന്നതു്. പിതാവായ ദൈവത്തേയും അവന്റെ പുത്രനായ യേശുക്രിസ്തുവിനെയും അറിയുന്നതു നിത്യജീവനാകുന്നു. നിത്യജീവൻ പ്രാപിച്ചവർ തദനുസരണമായ നൂതന ജീവിതം നയിക്കേണ്ടതുമാണ്. അവൻ നമുക്ക് വെച്ചേച്ചു പോയിരിക്കുന്ന മാതൃകയെ പിൻപറ്റി അവന്റെ നാമമഹിമയ്ക്കു വേണ്ടി ജീവിക്കുവാൻ നാം അത്യന്തം ബാദ്ധ്യസ്ഥരാണ്. അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മേ ശുദ്ധീകരിക്കയും നമ്മെ ഓരോരുത്തരേയും തന്നോട് അനുരൂപരാക്കുകയും ചെയ്യട്ടെ.

## ചർച്ച് വീക്ക്‌ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | രു. | ണ. | പ. |
|---|---|---|---|
| ഒരു വർഷത്തേക്ക് | 6 | 0 | 0 |
| ആറു മാസത്തേക്ക് | 3 | 0 | 0 |
| ഒററപ്രതി | 0 | 2 | 0 |
| ഇൻഡ്യയ്ക്കു വെളിയിൽ | 8 | 0 | 0 |


## ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

ഏജൻസികൾ— അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്, കല്ലിശ്ശേരി, ഏഴകോൺ സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്, ചെങ്ങമനാട്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

**പ്രധാനവൈദ്യൻ**

**പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

## വാരപഞ്ചാംഗം

| | നവംബർ | വൃശ്ചികം |
|---|---|---|
| ഞായർ | 21 | 6 |
| തിങ്കൾ | 22 | 7 |
| ചൊവ്വാ | 23 | 8 |
| ബുധൻ | 24 | 9 |
| വ്യാഴം | 25 | 10 |
| വെള്ളി | 26 | 11 |
| ശനി | 27 | 12 |

**Thought for the Week**

The only unconditional criterion of progress is that supplied by the christian gospel: God is love, so that progress consists in the increasing preponderence of good will and love over self-interest and ill will.

**Archbishop Temple.**

THE CHURCH WEEKLY

## മിഷ്യനറിസേവനത്തിനു നോബൽസമ്മാനം

ലോകസേവനത്തിനു വിവിധജീവിതവശങ്ങളിൽക്കൂടെ ആത്മാർപ്പണം ചെയ്യുന്ന മഹാത്മാക്കൾ ഉണ്ട്. സാഹിത്യം, കല, ശാസ്ത്രം, രാഷ്ട്രീയസിദ്ധാന്തം മുതലായ അനേകം കാര്യങ്ങളിൽ ക്കൂടെ ഇവർ സേവനം നിർവഹിക്കുന്നു. അവരിൽ ഏററവും ഉന്നതസ്ഥാനങ്ങളിൽ എത്തുന്നവരുടെ യോഗ്യതയുടെ സർവലോക അംഗീകരണമാണ് "നോബൽസമ്മാനം" മൂലം നിർവഹിക്കപ്പെടുന്നതു്. ഏതെങ്കിലും ജീവിതരംഗത്തു സുപ്രശസ്തമായ സ്ഥാനം കരസ്ഥമാക്കുന്നവർക്കു സമ്മാനമായി നൽകാൻ സ്വീഡൻരാജ്യത്തു സുപ്രസിദ്ധ കോടീശ്വരനായിരുന്ന നോബൽ ഏർപ്പെടുത്തിയ ഒരു ഫണ്ടിന്റെ ആദായത്തിൽ നിന്നാണ് ഈ സമ്മാനത്തുകകൾ നൽകപ്പെടുന്നതു്. ഏകദേശം ഒരു ലക്ഷം രൂപയിൽ അധികം വരുന്ന തുകയാണു സമ്മാനാർഹരായിരിക്കുന്നവർക്കു നൽകുന്നതു്. ഇൻഡ്യയിൽ മഹാകവി രവീന്ദ്രനാഥ ടാഗോറിനും, സർ. സി. വി. രാമനും നോബൽ സമ്മാനം നൽകപ്പെട്ടിട്ടുണ്ട്. ലോകസമാധാനത്തിനു മഹത്തായ സംഭാവനകൾ പ്രദാനം ചെയ്തതിനു് മഹാത്മജിക്കു സമ്മാനം നൽകുവാൻ പര്യാലോചിച്ചിരുന്നതായി കേട്ടിട്ടുണ്ട്. എന്നാൽ അതു നടക്കുന്നതിനു മുമ്പ് അദ്ദേഹം ദിവംഗതനായി. ഈയാണ്ടിൽ നോബൽ സമ്മാനത്തിനു് അർഹരായിത്തീർന്നവരിൽ സുപ്രസിദ്ധ ആഫ്റിക്കൻ മിഷ്യനറിയായ ഡോക്ടർ ആൽബേർട്ട് ഷ്വയിസറും ഉൾപ്പെടുന്നു. ഈ തലമുറയിലെ എന്നല്ല ലോകചരിത്രത്തിലെ ഏററവും വലിയ മഹാത്മാക്കളിൽഒരാളായഡോക്ടർ ഷ്വയിസറിന്റെ ജീവിതകഥ അത്ഭുതജനകവും, ഹൃദയാവർജ്ജകവുംആയ ഒന്നാണ്. ഇന്നു 79 വയസ്സുള്ള ഒരു യുവാവാണദ്ദേഹം. ഫ്റഞ്ചു ഇക്വിറ്റോറിയൽ ആഫ്റിക്കയിൽ ഒഗോവെ നദീതീരത്തു ലാംബറീൻ എന്ന ഗ്രാമമാണ് അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രം. നോഹയുടെ ജലപ്രളയ കാലത്തിനു് മുമ്പുള്ള കിരാതമായ ഭൂപ്രകൃതിയെ അനുസ്മരിപ്പിക്കുന്നഒരുഭൂവിഭാഗമാണ് ലാംബറീൻ. നദിയും വനവും മേഘങ്ങളും, കലർന്നുള്ള ഭൂപ്രകൃതിയും, ചൂടുപിടിച്ച വായുവും! അതാണ് ലാംബറീൻ. ഇവിടെ ലോകത്തിലെ ഏററവും പ്രസിദ്ധമായ മിഷ്യനറികേന്ദ്രങ്ങളിൽ ഒന്നിലെ ഡോക്ടർ ഷ്വയിസറിന്റെ ആശുപത്രി സ്ഥിതി ചെയ്യുന്നു. തത്വശാസ്ത്രം, വൈദ്യം, വേദശാസ്ത്രം സംഗീതം ഇവയിലെല്ലാം അദ്ദേഹം അനിതരസാധാരണമായ വ്യുല്പത്തിസമ്പാദിച്ച ആളാണ്. അദ്ദേഹത്തിന്റെ പാണ്ഡിത്യമായ അനേക ഗ്രന്ഥങ്ങൾ സുപ്രസിദ്ധങ്ങളാണ്. സംഗീതസാമഗ്രികളെ സംബന്ധിച്ചും, സംഗീതത്തെ സംബന്ധിച്ചും, അദ്വിതീയമായജ്ഞാനമുള്ള അദ്ദേഹം, മൃഗശാസ്ത്രം, നരവംശശാസ്ത്രം, കൃഷി എന്നിവയിൽ പ്രവീണനാണ്. ഒരു സമർത്ഥനായ ആശാരി, കല്പ്പശാരി, ശസ്ത്രക്രിയാ വിദഗ്ദ്ധൻ, മെക്കാനിക്ക്, മരുന്നു നിർമ്മാണകൻ, എന്നീവിവിധനിലകളിൽ അദ്ദേഹം പ്രസിദ്ധനാണ്. 1875ലാണ് ഡോക്ടർ ഫ്രാൻസിൽ അൽസേസ്സ് (Alsace) സംസ്ഥാനത്ത് ജനിച്ചതു്. 79 വയസ്സായിട്ടും ആരോഗ്യദൃഢഗാത്രനായിരിക്കുന്ന ഡോക്ടർ ഷ്വയിസർ ദീനം പിടിച്ച ഒരു ശിശു വായിരുന്നുവെന്നു കേട്ടാൽ ആരും വിശ്വസിക്കുകയില്ല. അതുപോലെതന്നെ, വിവിധ വിഷയങ്ങളിൽ അത്ഭുതകരമായ പാണ്ഡിത്യം സമ്പാദിച്ചിരിക്കുന്ന ഡോക്ടർ ഷ്വയിസർ ചെറുപ്പകാലത്തു് മന്ദബുദ്ധിയായ ഒരു വിദ്യാർത്ഥിയായിരുന്നുവെന്നറിയുന്നതു് അത്ഭുതമായി തോന്നും. എന്നാൽ വളർന്നു വന്നപ്പോൾ നിശ്ചയ ദാർഢ്യവും, സ്ഥിരപരിശ്രമവും മൂലമാണു് അദ്ദേഹത്തിന്റെ കഴിവുകൾവികസിച്ചതു്. സംഗീതത്തിൽചെറുപ്പത്തിലെ അസാധാരണമായ വാസന അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു. ഏഴുവയസ്സിൽ ഒരു ഗാനം നിർമ്മിക്കുകയും, എട്ടു വയസ്സിൽ "ഓർഗൻ" വായിക്കുവാൻ പഠിക്കുകയും ചെയ്ത സംഗീത ചതുരനാണദ്ദേഹം. ഫിലോസ്ഫി, സംഗീതം, തീയളോജി എന്നീ വിഷയങ്ങൾ മൂന്നും ഒരേ സമയത്തു് പഠിച്ച് 26 വയസ്സായപ്പോൾ മൂന്ന് വിഷയങ്ങളിലും ഡോക്ടർ ബിരുദം കരസ്ഥമാക്കി. ഇതോടുകൂടി അദ്ദേഹം ഗ്രന്ഥകാരനായി പുസ്തകങ്ങൾ എഴുതുവാൻ ആരംഭിച്ചു. അനേക പുസ്തകങ്ങൾ അന്നുമുതൽ ഇന്നുവരെ തന്റെ പേന എഴുതിതീർത്തിട്ടുണ്ട്. അന്ന് സ്ട്രാസ്ബർഗിലെ സെൻറു് നിക്കോളാസ്സ് പള്ളിയിൽ ഒരു അസിസ്റ്റൻറു് വികാരിയായിരുന്ന ഷ്വയിസർ 30 വയസ്സായപ്പോൾ പെട്ടെന്ന് ഒരു വൈദ്യനാകുവാൻ തീരുമാനിച്ചു. മെഡിക്കൽ കോളജിൽ ചേർന്നു ഡോക്ടർ ബിരുദം സമ്പാദിച്ചശേഷം ലാംബറീനിലേക്കു പോകാനാണ് അദ്ദേഹം തീരുമാനിച്ചതു്. എന്തിനാണ് വൈദ്യനാകുന്നതെന്ന് അദ്ദേഹത്തോടു ചോദിച്ചപ്പോൾ "പ്രസംഗം പറഞ്ഞു ഞാൻ മുരഞ്ഞു. ഇനിയും എന്തെങ്കിലും ചെയ്യണം" എന്നായിരുന്നു മറുപടി. എന്തിനാണ് "ലാംബറീൻ" വരെപോകുന്നതെന്നുള്ള ചോദ്യത്തിനു് അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു. "ലോകത്തിലെ ഏററവും അപരിഷ്കൃതവും, കിരാതവുമായ ഒരു സ്ഥലമാണതു്. മനുഷ്യരെ തിന്നുന്ന ആദിമവാസികൾ വസിക്കുന്ന അത്യാപൽക്കരമായ ഒരുസ്ഥാനം. അവിടെ ഒരു ഡോക്ടറില്ല." സ്റ്റേ

## അടുത്തലക്കം മുതൽ വായിക്കുക

**"എന്റെ ചിന്താ വികസനം"**

എന്ന

വിജ്ഞാനപ്രദമായ ലേഖനപരമ്പര.

ദിവ്യ. ശ്രീ. ഫാദർ വി. സി. സാമുവൽ എം. എ. ബി. ഡി. കാതോലിക്കാപക്ഷത്ത് ചേരുവാനുള്ള കാരണങ്ങൾ വിശദീകരിക്കുന്നു.

ചർച്ച് വീക്കിലി പ്രതികൾ ആവശ്യമുള്ളവർ ഉടനെ ആവശ്യപ്പെടുക.

**മാനേജർ,**

ചർച്ച് വീക്കിലി—കോട്ടയം.

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# ആത്മാവിന്റെ വില

(എം. ററി.)

"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?" (വി. മത്തായി 16: 26)

ജീവൻ, ആത്മാവു്, എന്നീ രണ്ടു പദങ്ങൾക്കു് വേദപുസ്തകത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ ഒരേ ഒരു പദമാണു് ഉപയോഗിച്ചിരിക്കുന്നതു്. ജീവൻ എന്നു പറഞ്ഞാൽ ആത്മാവു് എന്നർത്ഥമാകാം. മനുഷ്യനിൽ നിത്യമായിട്ടുള്ളതു് അവന്റെ ആത്മാവാണല്ലോ. നമ്മുടെ കർത്താവു് ജീവന്റെ അല്ലെങ്കിൽ ആത്മാവിന്റെ വിലയേക്കുറിച്ചു പല അവസരങ്ങളിൽ പഠിപ്പിച്ചിട്ടുണ്ടു്. തനിക്കു വളരെ പ്രിയമേറിയ ഒരാശയമായിരുന്നു അതു്. "ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛരിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും." ആത്മരക്ഷനേടുവാൻ, അല്ലെങ്കിൽ ശരിയായി ജീവിക്കുവാനുള്ള മാർഗ്ഗമന്തൊണെന്നു് ശക്തിയായ ഭാഷയിൽ കർത്താവു പഠിപ്പിച്ചിട്ടുണ്ടു.

ജീവനെ രക്ഷിക്കുവാനുള്ള മാർഗ്ഗം അതിനെ നഷ്ടപ്പെടുത്തുകയാണെന്നുള്ള ഉപദേശം ഒരു അസത്യാഭാസം. (paradox) ആയിത്തോന്നാം. അതു മനസ്സിലാക്കാതെയും സ്വീകരിക്കാതെയും ശരിയായി ജീവിക്കുവാൻ മനുഷ്യനു കഴിയുന്നതല്ല. അതു സ്വീകരിക്കുന്നതോടൊപ്പം ക്രിസ്തുവിനെ ജീവിതത്തിലെ മാർഗ്ഗദർശിയായി സ്വീകരിക്കുകൂടി ചെയ്യേണ്ടിയിരിക്കുന്നു. തന്റെ ഉപദേശത്തിന്റെ മുഴുവൻ അർത്ഥവും നമുക്കു മനസ്സിലായെന്നു വരികയില്ല. എന്നാൽ ആ ഉപദേശമനുസരിച്ചു ജീവിതം നയിച്ചു മുമ്പോട്ടു വരുമ്പോൾ അതിന്റെ അർത്ഥവും നമുക്കു കൂടുതൽ കൂടുതൽ വെളിപ്പെട്ടു വരും.

തന്റെ ജീവിനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?" നമ്മുടെ കർത്താവു ചോദിച്ച ഈ ചോദ്യത്തിന്റെ സാരമെന്താണു്? ഒരു മനുഷ്യനു് തന്റെ ആത്മാവിനോടൊപ്പം വിലമതിക്കാവുന്നതായി യാതൊന്നുമില്ല. ലോകം മുഴുവൻ നേടിയാലും ആത്മാവു നഷ്ടപ്പെട്ടുപോയാൽ ആ നേട്ടത്തിനു യാതൊരു വിലയുമില്ല. ഭൂമിയിൽ യഥാർത്ഥമായിട്ടുള്ളതു ഒന്നുമാത്രമേയുള്ളു. അതു മനുഷ്യന്റെ ആത്മാവു് അല്ലെങ്കിൽ ജീവൻ ആണു്. അതിന്റെ വില നിർണ്ണയാതീതമാണു്. എന്നാൽ അതിനെ വിലയുള്ളതാക്കിത്തീർക്കുന്നതു് ദൈവമായുള്ള അതിന്റെ ബന്ധമാണു്. ആ വിധത്തിൽ ആലോചിക്കുമ്പോൾ ദൈവം മാത്രമാണു് ഏക യാഥാർത്ഥ്യം. നമ്മുടെ ആത്മാവിന്റെ വിലയേക്കുറിച്ചു് നാം എത്രമാത്രം ബോധമുള്ളവരാണു്? മറെറന്തിനെയെങ്കിലും ആത്മാവിനെക്കാൾ വിലയുള്ളതായി നാം കരുതുന്നുണ്ടോ?

പൊതുവായി പറയുന്നപക്ഷം മനുഷ്യജീവിതത്തിനു മൂന്നു വശങ്ങളുണ്ടു്: ശരീരം, മനസ്സ്, ആത്മാവു്. മൂന്നും അഭേദ്യമായ അന്യോന്യ ബന്ധമുള്ളവയാണു്. എന്നാൽ ഏതെങ്കിലും ഒന്നിനോ രണ്ടിനോ മാത്രം പ്രാധാന്യം കൊടുത്തുകൊണ്ടും ബാക്കിയുള്ളതിനെ അവഗണിച്ചുകൊണ്ടും ജീവിക്കുവാൻ മനുഷ്യനു കഴിയും. ജീവിതമൽസരത്തിൽ ശരീരത്തിന്റെ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും നിറവേററുന്നതിൽ വ്യാപൃതരായിട്ടുള്ള മനുഷ്യർ മനസ്സിന്റെ വികസനത്തിലും മാനസ്സിക വ്യാപാരങ്ങളിലും ഒട്ടുംതന്നെ ശ്രദ്ധപതിക്കാതെ കാണപ്പെടുന്നുണ്ടു്. അതുപോലെതന്നെ ചിലർ ബുദ്ധിപരമായ പ്രവർത്തനങ്ങളിൽ വ്യാപൃതരായി ശരീരത്തിന്റെ ആവശ്യങ്ങളെ അവഗണിക്കാറുണ്ടു്. അവർ ബുദ്ധിയെയാണു് ആരാധിക്കുന്നതു്. എന്നാൽ മേൽ പറഞ്ഞ രണ്ടു വശങ്ങളിൽ ഒന്നിനെ മാത്രമോ രണ്ടിനേയുമോ പ്രധാനമായി കരുതി ജീവിച്ചാലും ജീവിതം പരിപൂർണ്ണമായിത്തീരുകയില്ല. ഒരു മനുഷ്യൻ ശാരീരകമായി എത്ര സൗഭാഗ്യാവസ്ഥയിലിരുന്നാലും, ബുദ്ധിപരമായി എത്ര ഉന്നതനിലയിലെത്തിയാലും, അയാൾക്കു് എന്തോ ഒരു അപൂർണ്ണതാബോധം ശേഷിക്കാതിരിക്കയില്ല; എല്ലാം ഉണ്ടെങ്കിലും എന്തോ ഒന്നിന്റെ കുറവുണ്ടെന്നുള്ള ബോധം. ജീവിതത്തിന്റെ സർവ്വപ്രധാനമായ വശം—ആത്മാവു്—അവഗണിക്കപ്പെട്ടു എന്നുള്ളതാണു് ഈ ബോധത്തിലുള്ള കാരണം. ആത്മാവിനു്, അല്ലെങ്കിൽ ആത്മീയ സംതൃപ്തിക്കുള്ള സ്ഥാനം മറെറാന്നിനും കരസ്ഥമാക്കാവുന്നതല്ല. ആത്മാവു മനസ്സിനും ശരീരത്തിനും വിരുദ്ധമാണെന്നു വിചാരിക്കേണ്ട അ

---

ഹിതന്മാരും ബന്ധുക്കളും ഈ ഭ്രാന്തിൽ നിന്നു് പിന്തിരിപ്പിക്കുവാൻ ശ്രമിച്ചതിനു അദ്ദേഹം പറഞ്ഞു "ഞാൻഇപ്പോൾ അനുഭവിക്കുന്ന സൗഭാഗ്യത്തിനും സന്തോഷത്തിനും പ്രതിഫലമായി ഞാൻ എന്തെങ്കിലും തിരിച്ചുകൊടുക്കണ്ടേ? "ജീവിതത്തെ ആദായപ്പെടുത്താൻപോകുന്നവർ അതു നശിപ്പിക്കും. എന്റെ നിമിത്തം ജീവിതത്തെ നഷ്ടപ്പെടുത്തുന്നവർ അതു സമ്പാദിക്കും." അദ്ദേഹം എപ്പോഴും പറയുന്ന ഒരു സംഗതിയാണു്. ആദർശമതികൾ മിതത്വവും പാകതയും അവരുടെ അഭിപ്രായങ്ങളിൽ പ്രകടിപ്പിക്കണമെന്നു്. അതുകൊണ്ടു് താൻ സ്വീകരിച്ച നടപടികളുടെ ആപൽവശങ്ങൾ തികച്ചും കണ്ടുകൊണ്ടാണു് ഷ്വയിസർ മെഡിക്കൽ ബിരുദത്തിനു പഠിച്ചതു്. വികാരിസ്ഥാനവും, പഠിത്വവും ഒരേസമയത്തു് നിർവഹിക്കുന്നതു് വളരെ ശ്രമകരമായിരുന്നുവെങ്കിലും 1912—ൽ അദ്ദേഹം എം. ഡി. ബിരുദം 38—ാമത്തെ വയസ്സിൽ കരസ്ഥമാക്കി. ആ ആണ്ടിൽ നഴ്സിംഗ്ജോലി പരിചയിച്ച ഒരു യഹൂദസ്ത്രീയെ അദ്ദേഹം വിവാഹം ചെയ്തു. രണ്ടുപേരും 1913-ൽ വനനിബിഡമായിരുന്ന ലാംബറീനിൽ താമസമുറപ്പിച്ചു. തന്റെ ആശുപത്രി കെട്ടിടം സ്വന്തകൈകൊണ്ടു് നിർമ്മിച്ചതാണു്. അന്നുമുതൽ ഇന്നുവരെ 41 കൊല്ലങ്ങൾ തുടർന്നുകൊണ്ടിരുന്ന സേവനകാലം പുരാതനക്രിസ്ത്യാനികളായ നാം സമുദായക്കേസ് നടത്തിക്കൊണ്ടിരുന്ന കാലഘട്ടമാണു്. അദ്ദേഹത്തിനു നോബൽ സമ്മാനം ലഭിച്ചു. കേസു നടത്തുന്നതിനു സമ്മാനം ആ "ദുർബ്ബുദ്ധിയായ" നോബൽ ഏർപ്പെടുത്തിയിരുന്നെങ്കിൽ നമുക്കു അതു് ലഭിക്കുമായിരുന്നു. ഏതായാലും ഒരേസമയത്തു് ലോകത്തിന്റെ രണ്ടുഭാഗത്തു് യേശു ക്രിസ്തുവിന്റെ സഭയുടെ പേരിൽ നടന്നുകൊണ്ടിരുന്ന ജീവിതനാടകങ്ങൾ നമ്മുടെ സാവധാനമായ ചിന്തയേയും താരതമ്യപഠനത്തേയും അർഹിക്കുന്നു. ഡോക്ടർ ആൽബട്ടു് ഷ്വയിസറിന്റെ ജീവചരിത്രം വായിച്ചു പഠിക്കുവാൻ നാം ശ്രമിക്കുന്നതു് ശരിയായ പ്രതിഫലം ലഭിക്കുന്ന ഒരു പ്രയത്നമായിരിക്കും.

വശ്യമില്ല. ദൈവം അവയെ സംയോജിപ്പിച്ചിരിക്കുന്ന സ്ഥിതിക്കു മനുഷ്യൻ വേർതിരിക്കുന്നതാണ്. തെററ്.

ശരീരം, മനസ്സ്, ആത്മാവ് എന്നിവയെ ഒരു സംയുക്ത ഘടകമായിട്ടുവേണം നാം പരിഗണിക്കുവാൻ. ഓരോന്നിനും അതർഹിക്കുന്ന സ്ഥാനം കൊടുക്കണം. ഏതിനെയെങ്കിലും അവഗണിക്കുന്ന മാർഗ്ഗം അപൽക്കരമാണ്. ആത്മാവാണ് ഏററവും പ്രധാനമെന്നുള്ളതു ശരിതന്നെ. എന്നാൽ ആ കാരണത്താൽ ശരീരത്തിന്റെയോ മനസ്സിന്റെയോ ന്യായമായ ആവശ്യങ്ങളെയോ പ്രമാണങ്ങളെയോ നിഷേധിച്ചിട്ടു ആത്മീയമായ കൃപകൊണ്ടു് ആ കുറവു നികത്താനുള്ള ശ്രമം ദൈവഹിതാനുസൃതമല്ല. ഉദാഹരണമായി ആരോഗ്യത്തിന്റെ നിയമങ്ങൾ പാലിക്കാതെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുന്നതു ശരിയല്ല. ആ പ്രാർത്ഥനയ്ക്കുത്തരം ലഭിക്കുമെന്നു പ്രതീക്ഷിക്കേണ്ടതുമില്ല. ഇപ്രകാരമുള്ള ഭക്തി ജീവിതം നയിക്കുന്ന ഒരാളിനു് ആവശ്യമായ ഉപദേശം 'കൂടുതൽ പ്രാർത്ഥിക്കുക; അല്ലെങ്കിൽ കൂടുതൽ ദൈവാശ്രയത്തിൽ ജീവിക്കുക' എന്നുള്ളതല്ല; പ്രത്യുത, 'ശരിയായ ഭക്ഷണം കഴിക്കുക; ശരീരത്തിനാവശ്യമായ വ്യായാമം നൽകുക' എന്നുള്ളതാണ്. ബുദ്ധിപരമായ വ്യാപാരങ്ങളിൽ വ്യാപൃതരായിരിക്കുന്നവർക്കും ഇപ്രകാരമുള്ള ഉപദേശങ്ങൾ സാധാരണ ആവശ്യമാണ്. എന്നാൽ അധികമാളുകൾക്കും ആത്മാവ് അർഹിക്കുന്ന പ്രാധാന്യം അതിനു കൊടുക്കാതിരിക്കുവാനുള്ള പരീക്ഷകളാണ് ഉണ്ടാകുന്നതു്. അവയെ അഭിമുഖീകരിക്കുവാനുള്ള കൃപയാണ് ആവശ്യം. ശരീരത്തിന്റെയും മനസ്സിന്റെയും മുറവിളികളെ നാം ശ്രദ്ധിക്കും. ആത്മാവിന്റെ നേരിയ ശബ്ദത്തെ നാം ശ്രമിക്കയില്ല; ശ്രമിച്ചാലും അതിനെതിരായി നാം ചെവി അടച്ചുകളയും. ആത്മാവിന്റെ താല്പര്യങ്ങൾക്കു മുൻഗണന നൽകേണ്ടതാണ്. അതിനുവേണ്ടി കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവന്നാലും ശരീരത്തേയോ മനസ്സിനേയൊ ക്ഷതപ്പെടുത്തേണ്ടിവന്നാലും അതിനു നാം സദാ തയാറായിരിക്കണം. രണ്ടു കണ്ണുള്ളവനായി നരകത്തിൽ പോകുന്നതിനേക്കാൾ ഒററക്കണ്ണനായി സ്വർഗ്ഗത്താൽ പ്രവേശിക്കയാണ് അഭിലഷണീയമായിട്ടുള്ളതെന്നു് അലങ്കാരഭാഷയിൽ നമ്മുടെ കർത്താവു നമ്മെ ഉൽബോധിപ്പിച്ചിട്ടുണ്ടു്. നമ്മുടെ ആത്മാവിന്റെ വിലയേക്കുറിച്ചു നാം വേണ്ടത്ര ബോധമുള്ളവരാണോ? നമ്മുടെ ജീവനെ കർത്താവിനായി ചെലവഴിച്ചു നിത്യമായി ആദായപ്പെടുത്തുവാൻ നമുക്കു സംഗതിയാകട്ടെ.

**ആരോഗ്യപംക്തി**

## സ്വയംസംരക്ഷണം

ജലദോഷം ബാധിച്ചിട്ടുള്ളവർ ചുമയ്ക്കുകയും തുമ്മുകയും ചെയ്യുമ്പോൾ ഒരു തൂവാലകൊണ്ടു് പൊത്തിക്കൊള്ളുന്നതു് മററുള്ളവർക്കു രോഗാണുക്കൾ ബാധിക്കാതെയിരിപ്പാൻ സഹായിക്കും.

ഏററവും സർവ്വസാധാരണവും, ഏററവും ഗുരുതരവുമായ അനന്തര ഫലങ്ങളെക്കൊണ്ടു് നിറഞ്ഞതുമായ രോഗമാണ് ശ്വാസകോശം സംബന്ധിച്ചുണ്ടാകുന്നവ. വർഷം പ്രതി അനവധി മരണങ്ങൾക്കു് അവയിടയാക്കുന്നു. എന്നാൽ അവയിൽ പലതും "നിസ്സാരമായ ജലദോഷത്തിൽനിന്നും ഉണ്ടായതായിരിക്കും.

നാം പ്രായോഗിക്കേണ്ടതായ രോഗപ്രതിരോധമാർഗ്ഗങ്ങൾ എന്തെല്ലാമാണ്? ശുദ്ധീകരണവും ആരോഗ്യരക്ഷയും സംബന്ധിച്ചുള്ള സാധാരണനിയമങ്ങൾ തന്നെയാണ് എല്ലാ ദീനങ്ങളെയും സംബന്ധിച്ചിടത്തോളം ഏററവും ഫലപ്രദമായ; പ്രതിരോധപദ്ധതികൾ (വഴികൾ). കൂടക്കൂടെ കുളിക്കുന്നതും വളരെ വിലയേറിയതു തന്നെ. ധാരാളം ശുദ്ധജലം കുടിക്കുകയും പോഷകപൂർണ്ണമായ പലയിനം പദാർത്ഥങ്ങൾ ഭക്ഷിക്കയും ചെയ്യുക.

തെററായ വസ്ത്രധാരണം മൂലം ജലദോഷം പിടിപെടാനുള്ള സാദ്ധ്യത കൂട്ടുകയാണു ചെയ്യുന്നതു്.

വീട്ടിനകത്തുള്ള വേലകൾ ചെയ്യുമ്പോൾ ആവശ്യത്തിലധികം തുണി വാരി ചുറേറണ്ട ആവശ്യം ഇല്ല. എന്നാൽ വീടിനുവെളിയിൽ പോകുമ്പോൾ ശീതോഷ്ണാവസ്ഥ അനുസരിച്ച് ആവശ്യമുള്ള വസ്ത്രം ധരിച്ചു കൊള്ളണം.

രോഗം ചെറുത്തുനിൽക്കാനുള്ള ശക്തി ശരീരത്തിനുണ്ടാവാൻ അതിനു മതിയായ വിശ്രമം കൂടിയേ കഴിയൂ. ഉറക്കവും ആവശ്യം തന്നെ. എന്നാൽ ഉറക്കമുറിയിൽ എത്രത്തോളം ശുദ്ധവായുവിനു് പ്രവേശനം അനുവദിക്കുന്നുവോ അത്രയും നല്ലതുതന്നെ.

കൂടക്കൂടെ നാസാദ്വാരം നനയ്ക്കുന്നതും, ചൂടുവെള്ളത്തിൽ ഉപ്പു് കലക്കി (നാഴിവെള്ളത്തിനു് ഒരു ടീസ്പൂൺ നിറയെ ഉപ്പ് ഉപയോഗിക്കാം) തൊണ്ട കഴുകുന്നതും നല്ലതുതന്നെ. ഓരോദിവസവും തണുപ്പിൽ ഇറങ്ങിയിട്ടു വരുമ്പോൾ മൂക്കും തൊണ്ടയും നന്നായി വെടിപ്പാക്കുമെങ്കിൽ രോഗപകർച്ചയ്ക്കുള്ള സൌകര്യം തുലോം കുറവായിരിക്കും.

"ക്രിസ്ത്യൻ ഹെറൾഡ്".


### സുന്നഹദോസുകൾ

**ഗ്രന്ഥകർത്താ**

ഔഗേൻ മാർ തീമോത്തിയോസ്സ് മെത്രാപ്പോലീത്താ

വില രൂപാ ഒന്നു്

അപ്പോസ്തലന്മാരുടെ സുന്നഹദോസുകൾ മുതൽ എ. ഡി. 451-ൽ കൂടിയ കൽക്കദോന്യ സുന്നഹദോസു വരെയുള്ള എല്ലാ സുന്നഹദോസുകളെപ്പററിയും സഭാ വിശ്വാസത്തെപ്പററിയും നിഷ്പക്ഷമായും വിശദമായും ലളിതമായും ഇതിൽ പ്രദിപാദിച്ചിരിക്കുന്നു." കക്ഷിഭേദമെന്യേ എല്ലാവരും വായിച്ചറിഞ്ഞിരിക്കേണ്ട ഒരുത്തമ പുസ്തകമാണ് 'സുന്നഹദോസുകൾ".

**ആവശ്യപ്പെടേണ്ടും മേൽവിലാസം**

വറുഗീസ്സ് കളത്തിൽ എം. എ.

മുട്ടമ്പലം, കോട്ടയം.

# വേദവായനക്കുറിപ്പുകൾ

## വി. യോഹന്നാന്റെ സുവിശേഷം

[ഈയാഴ്ച പ്രത്യേകം വ്യാഖ്യാനങ്ങൾ നൽകുന്നില്ല. സുവിശേഷപഠനത്തിനുള്ള ഒരു മുഖവുരമാത്രം താഴെ നൽകുന്നു. നാലാം സുവിശേഷത്തിന്റെ ഒരദ്ധ്യായം വീതമെങ്കിലും ഈയാഴ്ച ഓരോ ദിവസവും വായിക്കുന്നതു് നല്ലതു്]

“സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പ്രതിബിംബിക്കുന്ന അഗാധവും പ്രശാന്തവുമായ സമുദ്രം” എന്നു് പേർ പറയപ്പെടുന്ന ഈ മഹദ്ഗ്രന്ഥം ലോകസാഹിത്യത്തിൽ സർവ്വോപരി മഹത്തരമെന്നു് വിളിക്കപ്പെട്ടിട്ടുള്ളതാകുന്നു. അതിന്റെ ആത്മീയാർത്ഥം അതിഗഹനവും പരിവർത്തനശക്തി അത്ഭുതാവഹവുമത്രെ. ഈ ലഘുഗ്രന്ഥത്തിന്റെ ഭക്തിപൂർവമായ പഠനംമൂലം ജീവിതത്തിന്നു് സമൂല പരിവർത്തനം വന്നു് ക്രിസ്തീയരായിട്ടുള്ളവർ കുറച്ചൊന്നുമല്ല.

സൂക്ഷ്മമായുള്ള പഠനം ആരംഭിക്കുന്നതിന്നു് മുൻപു്തന്നെ പൂർണ്ണകൃതിയുടെയുപരി നമുക്ക് ഒരു സ്ഥൂലാവലോകനം നടത്താം.

### ആരാണിതെഴുതിയതു്?

ഈ വിശിഷ്ടഗ്രന്ഥത്തിന്റെ കർത്താവാരെന്നതിനെക്കുറിച്ച് അടുത്തകാലത്തെഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളുടേയും ഉപന്യാസങ്ങളുടേയും ആകത്തുക പർവ്വതപ്രമാണമാണു്. അതിവിടെ സംക്ഷേപിക്കുവാൻപോലും സാദ്ധ്യമല്ല. പന്തിരുവരിലൊരുവനായിരുന്ന സെബദിയുടെ പുത്രൻ യോഹന്നാനാണിതെഴുതിയതെന്നാണു് പാരമ്പര്യമായി വിശ്വസിക്കപ്പെട്ടുപോരുന്നതു്. എന്നാൽ 18-ാം ശതകത്തിന്നു് ശേഷം ജർമ്മനിയിലുദിച്ച “ഉപരിനിരൂപണം (Higher criticism) എന്ന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിലത്രെ ഇതു സംബന്ധമായ പ്രശ്നങ്ങൾ പ്രധാനമായി ഉന്നയിക്കപ്പെട്ടതു്.

ഇന്നത്തെ പണ്ഡിതലോകം പൊതുവെ കരുതുന്നതു് ഈ സുവിശേഷം അപ്പസ്തോലികമാണെന്നും അതിൽ ചിത്രീകൃതമായിരിക്കുന്ന ക്രിസ്തുയേശുവിന്റെ ജീവിതവും വചനങ്ങളും പൊതുവെ വിശ്വാസ്യങ്ങളാണെന്നുമാണു്. സുവിശേഷത്തിൽതന്നെ കാണുന്ന “സാക്ഷി”(21:24)യും യേശുവിന്റെ വത്സലശിഷ്യ(21;20)നും യോഹന്നാൻ ശ്ലീഹാ തന്നെയാണെന്നുള്ളതിനു് സംശയമൊന്നുമില്ല. മുഴുവനും എഴുതി ഇന്നത്തെ രൂപത്തിലാക്കിയതു് യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായ മൂപ്പനായ യോഹന്നാൻ(John the Elder)ആണെന്നാണു് സുപ്രസിദ്ധ പണ്ഡിതനായ വില്യം ടെമ്പിളിന്റെ അഭിപ്രായം. ഈ രണ്ടാമത്തെ യോഹന്നാനാണു് യോഹന്നാനെഴുതിയ ലേഖനങ്ങളുടേയും കർത്താവെന്നും അദ്ദേഹം അഭ്യൂഹിക്കുന്നു.

### ആരെ ഉദ്ദേശിച്ച് എഴുതി?

ഈ ചോദ്യത്തിന്നുത്തരം അഭ്യൂഹം മാത്രമാണു്. എഫേസൂസിലും ചുററുമുള്ള ഗ്രേക്കരെ ഉദ്ദേശിച്ചാണു് പ്രധാനമയി എഴുതിയതു് എന്നുള്ള ചിന്തയ്ക്കു്, സുവിശേഷത്തിന്റെ ആദ്യഭാഗത്തുള്ള താത്വിക പദങ്ങളുടെ പ്രയോഗം വളരെ ഉറപ്പുനൽകുന്നു.

പരിശുദ്ധാത്മാവിന്റെ ഉദ്ദേശത്തിൽ ലോകത്തിലുള്ള സകല മനുഷ്യരേയും ലക്ഷ്യമാക്കിയാണു് ഈ കൃതി വിരചിതമായതെന്നു് ഇന്നു നാം പുറകോട്ടു് നോക്കുമ്പോൾ മനസ്സിലാകുന്നു. ഭക്തിപുരസ്സരം ഈ സുവിശേഷത്തെ പഠിച്ചു് ധ്യാനിച്ചിട്ടു് ക്രിസ്തീയരായിത്തീരാത്തവർ ഏതു രാജ്യത്തു് ഏതു വർഗ്ഗത്തിലും ചുരുക്കമത്രെ.

### എന്നാണിതെഴുതിയതു്?

എഴുതപ്പെട്ട തീയതി ആദ്യ ശതകത്തിന്റെ അന്തിമദശകത്തിൽ, അതായതു് A. D. 94-നും 100-നും മദ്ധ്യേയാണെന്നാണു് പണ്ഡിതാഭിപ്രായം. പന്തിരുവരിൽ സ്വാഭാവിക മരണം പ്രാപിച്ചയാൾ യോഹന്നാൻ ശ്ലീഹാ മാത്രമായിരുന്നു. അവസാനമായി മരിച്ചതും അദ്ദേഹം തന്നെയായിരുന്നു. തന്റെ ആയുസ്സിന്റെ അന്തിമഘട്ടത്തിൽ, 90 വയസ്സെങ്കിലും പ്രായമുണ്ടായിരുന്ന കാലത്തു് എഴുതിയതാണിതെന്നു് വിശ്വസിക്കാം.

### എന്തുദ്ദേശത്തിന്നെഴുതി?

സുവിശേഷമെന്നാൽ ജീവചരിത്രമെന്നല്ല അർത്ഥം. ദൈവം മനുഷ്യനായി നമ്മുടെയിടയിൽ അവതരിച്ച് തന്റെ മരണവും ഉയിർത്തെഴുന്നേല്പും മൂലം നമുക്ക് പാപനുകത്തിൽ നിന്നും രക്ഷയുണ്ടാക്കി, നമ്മെ ദൈവവുമായി അനുരഞ്ജിപ്പിച്ചിരിക്കുന്നു എന്ന സുവാർത്തയെ പ്രഘോഷണം ചെയ്യുന്ന പദസഞ്ചയമാണു് സുവിശേഷം. സഭയിൽ ഔദ്യോഗികമായി സ്വീകരിക്കപ്പെട്ടിട്ടുള്ള നാലു സുവിശേഷങ്ങളും ഇതിന്നായി എഴുതപ്പെട്ടിട്ടുള്ളവയാണു്. തന്റെ ക്രൂശുമരണവും ഉയിർത്തെഴുന്നേല്പുമാണു് അവയിലെ പ്രധാന പ്രതിപാദ്യവിഷയം. എന്നാൽ ഈ ക്രൂശിതനായ ക്രിസ്തു ആരാണെന്നും, തന്റെ മരണം ദൈവോദ്ദേശപ്രകാരമായിരുന്നു എന്നും കാണിക്കുന്നതിനുവേണ്ടി തന്റെ ജീവിതത്തിലെ ചില പ്രധാന സംഭവങ്ങൾ, നാലു സുവിശേഷകന്മാരും തങ്ങളുടെ സ്വന്തം വിശ്വാസവും അനുഭവവും അനുസരിച്ചു് സഭയുടെ അനുഭവത്തേയും വിശ്വാസത്തേയും ആധാരമാക്കി, എടുത്തു വിവരിച്ചുവെന്നു് മാത്രം.

“കൂടാതെയും മററനേകം സൂചകാത്ഭുതങ്ങൾ യേശു യഥാർത്ഥത്തിൽ തന്റെ ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു; അവയെല്ലാം ഈ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടില്ല. ഇവയോ എഴുതപ്പെട്ടിരിക്കുന്നതു്, യേശു, മിശിഹായാകുന്നു, ദൈവപുത്രനാകുന്നു. എന്നു് നിങ്ങൾ വിശ്വസിക്കാൻ വേണ്ടിയത്രേ—അങ്ങനെ വിശ്വസിക്കുകമൂലം അവന്റെ നാമം മുഖേന നിങ്ങൾക്കു് നിത്യ ജീവനുണ്ടാകേണ്ടുന്നതിന്നു് വേണ്ടിത്തന്നെ.” (20: 30—31)

അതുകൊണ്ടു് ഈ സുവിശേഷം നാം പഠിക്കുമ്പോൾ, സാധാരണ സാഹിത്യം പോലെ പഠിച്ചാൽ അതിന്റെ കർത്താവിന്റെ ഉദ്ദേശം സാധിക്കുന്നില്ല. ഓരോ സൂചകാത്ഭുതവും, ഓരോ പ്രഭാഷണവും ഒരോ വിവരണവും നാം പഠിക്കുമ്പോൾ, അവയുടെയെല്ലാം പശ്ചാത്തലത്തിൽ, നസറേത്തുകാരൻ യേശു, ദൈവത്തിന്റെ അഭിഷിക്തനായ ക്രിസ്തുവാകുന്നു, രക്ഷകനായ ദൈവപുത്രനാകുന്നു എന്ന ബോധം നമുക്കുളവാകുവാനുള്ള ആഗ്രഹം കൂടി ഉണ്ടായിരിക്കണം.

### സുവിശേഷത്തിന്റെ സ്ഥൂലരൂപം (outline)

നാലു് വ്യത്യസ്തഘടകങ്ങളായി ഈ ഗ്രന്ഥത്തെ നമുക്ക തിരിക്കാം.

1 അടിസ്ഥാനപ്രഭാഷണം. അദ്ധ്യായം 1.

2 സൂചകാത്ഭുതങ്ങളുടെ ഗ്രന്ഥം. അദ്ധ്യായങ്ങൾ 2-12

3 കഷ്ടാനുഭവഗ്രന്ഥം. ,, 13—20

4 ശേഷരചനം. (Postscript) അ: 21.

1 ആദ്യത്തെ അദ്ധ്യായത്തിൽ 1: 1-18 വരെയുള്ളതു് സുവിശേഷത്തിന്റെ താത്വികാടിസ്ഥാനവും 19-34 വരെയുള്ളതു് അതിന്റെ യഹൂദന്യായപ്രമാണാടിസ്ഥാനവുമാകുന്നു.

2 സൂചകാത്ഭുതഗ്രന്ഥത്തിൽ 7 സൂചകാത്ഭുതങ്ങളും അവയോടനുബന്ധിച്ചുള്ള 7 പ്രഭാഷണങ്ങളും കാണപ്പെട്ടു

ന്നു. (8 അത്ഭുതങ്ങളും പ്രഭാഷണങ്ങളുമെന്ന് കരുതുന്നവരുമുണ്ട്.) അടുത്ത ഭാഗത്തു് കഷ്ടമനുഭവിക്കുന്ന യേശു ആരാണെന്ന് കാണിക്കുന്നതിനുള്ള സൂചനകളായിട്ടാണ് ഈ അത്ഭുതപ്രവൃത്തികളെ കണക്കാക്കേണ്ടതു്. ഒരു അത്ഭുതപ്രവൃത്തി, അതിനോടനുബന്ധിച്ചുള്ള ഒരു പ്രഭാഷണം എന്നിങ്ങനെയാണ് സാധാരണ കാണുന്നതു്.

3 ഈ വിഭാഗത്തിൽ തന്റെ കുരിശുമരണത്തേയും ഉയർത്തെഴുനേൽപ്പിനേയും വിചാരിക്കുന്നതിനു മുൻപായി അതിനോടനുബന്ധിച്ചുള്ള പ്രഭാഷണങ്ങൾ നൽകപ്പെടുന്നു.

4 യഥാർത്ഥത്തിലുള്ള സുവിശേഷം 20-ാം അദ്ധ്യായത്തോടുകൂടെ അവസാനിക്കുന്നതായും 21—ാം അദ്ധ്യായം പിന്നീട് എഴുതിച്ചേർത്തതായും തോന്നുന്നു. ഇതിലെ പ്രധാനസംഗതി ഉയർത്തെഴുന്നേൽപ്പിനു ശേഷമുണ്ടാകുന്ന സംഭവങ്ങളും, സഭയുടെ സ്ഥാപനവുമാകുന്നു. ക്രിസ്തീയസഭ ക്രൈസ്തവസുവിശേഷത്തിന്റെ ഒരവിഭാജ്യഘടകമാകുന്നു. തന്റെ ആടുകളെ മേയ്ക്കുവാൻ തന്റെ അപ്പോസ്തോലന്മാരെ ഏല്പിക്കുന്നതും തന്റെ രക്ഷാകരമായ നടപടികളുടെ ഒരു പ്രധാനഭാഗമാണ്. മനുഷ്യരക്ഷ പരിപൂർണ്ണമാകേണ്ടതു് സഭയുടെ സേവനപരമായ പ്രവർത്തനങ്ങൾ കൊണ്ടാകുന്നു.—ക്രിസ്തുവിലുള്ള അപരിമിതധനങ്ങളെ മനുഷ്യർക്കു നൽകുവാനുള്ള ഉപകരണമാകുന്നു സഭ. അങ്ങിനെ നൽകി മനുഷ്യരെല്ലാം സഭയിലായിത്തീരുമ്പോൾ സഭ വെറും ഒരുപകരണം മാത്രമല്ല, യഥാർത്ഥത്തിൽ ആദിമുതലേ ദൈവത്തിനുള്ള ഉദ്ദേശത്തിന്റെ പരിപൂരണവുമായിത്തീരുന്നു.

## സുവിശേഷത്തിന്റെ സാരാംശം

"വചനം ജഡമായിതീർന്നു"
(യോഹ. 1:14)

ഇതാണ് ക്രിസ്തീയവിശ്വാസത്തിന്റെ ആണിക്കല്ലായ നിത്യസത്യം. എന്നാൽ ഈ വാക്യത്തിലെ മൂന്ന് പദങ്ങളുടെയും അർത്ഥം അതിവഗഹനമാകയാൽ ഒരാവർത്തി ഈ വാചകം കേട്ടതുകൊണ്ടു മാത്രം നമുക്കതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. എന്താണീ വചനം? എന്താണീ ജഡം? ആയിത്തീർന്നു എന്നാലെന്തു്? ഈ സുവിശേഷഗ്രന്ഥം ശരിയായി പഠിക്കണമെങ്കിൽ ഈ പദങ്ങളുടെ അർത്ഥം നമുക്ക് മനസ്സിലാകണം. എന്നാൽ അതിനെ മുഴുവനായി വിവരിക്കുന്നതിന് സ്ഥലപരിമിതി നമ്മെ അനുവദിക്കുന്നില്ല. സൂചനയായി മാത്രം ചിലതു പറയട്ടെ.

വചനം ഗ്രീക്കുഭാഷയിൽ "ലോഗോസ്" എന്നു പറയുന്ന ഈ താത്വിക പദത്തിന് ഒരു വാക്കെന്നോ വാചകമെന്നോ അർത്ഥംകല്പിച്ചാൽ പോരാ. വേദപുസ്തകത്തെ ദൈവവചനമെന്ന് പലരും പറയാറുണ്ട്. യേശുക്രിസ്തുദൈവത്തിന്റെ വചനമാകുന്നുവെന്നും നാം വിശ്വസിക്കുന്നു. ഇങ്ങിനെയെങ്കിൽ വേദപുസ്തകവും യേശുക്രിസ്തുവും തമ്മിലുള്ള ഒരു ആശയക്കുഴപ്പം നമ്മുടെ ചിന്തയിലും പ്രഭാഷണത്തിലും ധാരാളം വന്നുചേരുവാൻ വഴിയുണ്ട്.

സകല ചിന്തയുടെയും സകല നിയമത്തിന്റേയും സകല വ്യവസ്ഥിതിയുടെയും അടിസ്ഥാനമായ തത്വം എന്ന അർത്ഥമാണ് സാധാരണയായി ഗ്രീക്കു തത്വശാസ്ത്രത്തിൽ ഈ പദത്തിനുണ്ടായിരുന്നതു്. എന്നാൽ ഈ സുവിശേഷകൻ ഈ പദം ഉപയോഗിക്കുന്നതു് ആ അർത്ഥത്തിലാകണമെന്നില്ല. സുവിശേഷത്തിന്റെ ഈ ഭാഗം എഴുതപ്പെട്ടതു് അറമായ ഭാഷയിലാണെന്ന് വിശ്വസിക്കുന്ന അനേകം പണ്ഡിതന്മാരുണ്ട്. അറമായ ഭാഷയിലെ "മെമ്രാ" എന്ന പദത്തിന് ദൈവത്തിന്റെ ജ്ഞാനം, അതിന്റെ പ്രകടനം എന്ന അർത്ഥമാണു പ്രധാനമായുള്ളതു്. ഗ്രീക്ക് ഭാഷയിലെപ്പോലെ അശരീരമായ (abstract) അർത്ഥമല്ല അതിനുള്ളതു്. സകല വെളിപാടിന്റേയും ഉപകരണമാണിതു്. സകലസൃഷ്ടിയുടെയും ഉപകരണമാണിതു്. ദൈവത്തിൽനിന്നും വ്യത്യസ്തമല്ല. ദൈവത്തിന്റെ സ്വയം പ്രകാശനമാകുന്നു, ഈ അർത്ഥത്തിൽ ദൈവം തന്നെയാകുന്നു.

ഗ്രീക്ക് ചിന്തയിൽ "ലോഗോസി"ന് യാതൊരു വ്യക്തിത്വവുമില്ല. അതു് ഒരു തത്വം മാത്രം. ഇവിടെയോ വ്യക്തിത്വം അതേ സർവവ്യക്തിത്വത്തിന്റേയും സമാരംഭമായ ദൈവത്തിന്റെ വ്യക്തിത്വമാണീ പദംകൊണ്ട് നാം കാണേണ്ടതു്.

ജഡം. ഇവിടെയും ഗ്രീക്ക്തത്വശാസ്ത്രപ്രകാരം ജഡമാണ് സർവപാപത്തിന്റേയും ഉത്ഭവസ്ഥാനം. എന്നാൽ പൗ. ശ്ലീഹാ ഈ പദം ഉപയോഗിക്കുമ്പോൾ അതിന്റെ അർത്ഥം മനുഷ്യസ്വഭാവം മനുഷ്യപ്രകൃതി എന്നാകുന്നു. അല്ലാതെ രക്തവും മാംസവും എന്നു മാത്രമല്ല. മനുഷ്യന്റെ സകലബലഹീനതകളും നിയാമനങ്ങളും ഇതിൽ അകപ്പെടുന്നു.

ആയിത്തീർന്നു. ഗ്രീക്കുതത്വത്തിനു സഹിക്കാൻ വയ്യാത്തതാണ് നിത്യമായ ലോഗോസ്, ചരിത്രപരമായ ഒരു ജഡം ആയിത്തീർന്നു, എന്നുള്ളതു്. "ലോഗോസി"ന് ആയിത്തീരലൊന്നുമില്ല. അതെന്നും ഒരേ വിധത്തിൽ ആകുന്നു. പക്ഷേ ക്രിസ്തീയ വിശ്വാസത്തിലെ കാതലായ തത്വം നിത്യനായ ദൈവം ചരിത്രത്തിൽ മനുഷ്യനായിത്തീർന്നു എന്നതാണ്.

**India's Largest Composite Insurance Company**

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

**New India Assurance Co. Ltd,.**

**H. O. BOMBAY.**

**West Coast Branch: Ernakulam.**

**Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.**

Bonus on with Profits Policies (last declared) for the period ending 31-12-53.

**Whole-Life: Rs. 16** per thousand per annum
**Endowment: Rs 14** per thousand per annum

യുവജനപംക്തി 7

# സുവിശേഷങ്ങളുടെ രാഷ്ട്രീയപശ്ചാത്തലം

വിശുദ്ധ നാടിന്റെ ഭൂമിശാസ്ത്രത്തെക്കുറിച്ചു പഠിച്ച ശേഷം പുതിയനിയമകാലത്തു് അതിനുണ്ടായിരുന്ന രാഷ്ട്രീയപശ്ചാത്തലം എന്തായിരുന്നുവെന്നു നമുക്കു ചിന്തിക്കാം. അതിൽ ഏററവും പ്രധാനമായ കാൎയ്യം ഫലസ്തീൻനാട്ട് റോമാസാമ്രാജ്യത്തിന്റെ ഒരു ഭാഗമായിരുന്നുവെന്നുള്ളതാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി അനേക യുദ്ധങ്ങൾ അവർ നടത്തിയെങ്കിലും, അനേക വീരന്മാർ മൃത്യുവിനു ഇരയായെങ്കിലും മഹൽശക്തിയായ റോമാസാമ്രാജ്യത്തോടെതിൎത്തു നിന്നു സ്വാതന്ത്ര്യം പരിരക്ഷിക്കുവാൻ അവൎക്കു കഴിഞ്ഞില്ല. എങ്കിലും ഇടയ്ക്കിടെ സ്വാതന്ത്ര്യതൃഷ്ണ അവരുടെ ഹൃദയങ്ങളിൽ ഉദിച്ചുയർന്നു വന്നിരുന്നു. അവരുടെ മതത്തേയും ദേവാലയത്തേയും പരിശുദ്ധമായി സൂക്ഷിക്കുന്നതിനുള്ള അഗ്രഹം ഇതിനു വളരെയധികം പ്രചോദനം നൽകിയിരുന്നു.

നമ്മുടെ കൎത്താവ് ഓഗസ്തുസ് കൈസരുടെ വാഴ്ചയുടെ കാലത്താണു ജനിച്ചതു്. (LK 2:1) എന്നാൽ തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതും ക്രൂശുമരണം പ്രാപിക്കുന്നതും തീബര്യോസ് കൈസറിന്റെ കാലത്താണ്. (LK 3:1) ഈ ചക്രവൎത്തിമാരെ സംബന്ധിച്ചിടത്തോളം ഭരണം ഏററവും ദുർഘടമായിരുന്ന സാമ്രാജ്യഭാഗത്താണ് കൎത്താവ് പ്രവൎത്തിച്ചിരുന്നതു്. ഒരു തരത്തിൽ പറഞ്ഞാൽ മുൻപ് ബ്രിട്ടീഷുകാർ ഇൻഡ്യയിൽ സ്വീകരിച്ചിരുന്നതു പോലെയുള്ള ഒരു ഭരണനയമായിരുന്നു റോമാ ചക്രവൎത്തിമാരും സ്വീകരിച്ചിരുന്നതു്. ധനസ്ഥിതിയുള്ളതും സമ്പൽസമൃദ്ധവും പ്രയാസം കൂടാതെ പട്ടാളത്തെ അയച്ചുകൊടുക്കാവുന്നതും സൈനികപ്രാധാന്യമുള്ളതുമായ സ്ഥലങ്ങൾ റോമാ ഉദ്യോഗസ്ഥന്മാരുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ ആക്കിയിരുന്നു. എന്നാൽ പ്രാദേശിക പരിതസ്ഥിതികൾ അനുവദിക്കുന്ന മററു സ്ഥലങ്ങളിൽ ഭരണകൂടം നാട്ടുരാജാക്കന്മാൎക്കു വിട്ടുകൊടുക്കുകയാണ് അവർ ചെയ്തിട്ടുള്ളതു്. മേൽക്കോയ്മയോടുള്ള ഭക്തിയും അനുസരണവും പരിരക്ഷിക്കുന്നിടത്തോളം കാലം അവരുടെ രാജ്യത്തു അവൎക്കു പരിപൂൎണ്ണമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ഒരു നാട്ടുരാജാവ് വേണ്ടത്ര ഭക്തി കാണിക്കുന്നില്ലെന്നു തോന്നിയാൽ ഉടൻതന്നെ അയാളെ ആ സ്ഥാനത്തു നിന്നും ബഹിഷ്കരിക്കും. നമ്മുടെ കൎത്താവു ജനിക്കുന്ന കാലത്തു ഈയൊരു നയമായിരുന്നു റോമാസാമ്രാജ്യം ഫലസ്തീൻ നാട്ടിൽ തുടർന്നിരുന്നതു്. യഹൂദന്മാർ സ്വാതന്ത്ര്യപ്രേമികളായിരുന്നതിനാൽ അവരെ അടക്കി ഭരിക്കുകയെന്നുള്ളതു റോമാക്കാൎക്കു വലിയ പ്രയാസമായിരുന്നു. അതുകൊണ്ടാണ് ഹേരോദാവ് അവരെ ഭരിച്ചുകൊള്ളട്ടെയെന്നു അവർ വിചാരിച്ചതു്. (Mt 2:1) ഹേരോദാവ് യഹൂദന്മാർ വെറുത്തിരുന്ന ഈദോമ്യരുടെ കൂട്ടത്തിൽ പെട്ട ഒരാളായിരുന്നതു കൊണ്ടു അദ്ദേഹത്തിന്റെ ഭരണവും യഹൂദന്മാൎക്കു അത്ര ഇഷ്ടമല്ലായിരുന്നു. എങ്കിലും റോമാക്കാർ ഭരിക്കുന്നതിനേക്കാൾ അതു മെച്ചമാണല്ലോയെന്നു വിചാരിച്ചു് അവർ സമാശ്വസിച്ചു. യഹൂദന്മാരിൽ ഒരു കൂട്ടർ (ഹേരോദ്യർ) അദ്ദേഹത്തിനു വേണ്ട ആനുകൂല്യങ്ങൾ നൽകിയിരുന്നു. ജനങ്ങളുടെ ഇടയിൽ നിന്നും എന്തെങ്കിലും എതിൎപ്പുണ്ടായാൽ നിഷ്കരുണം അവയെ അടിച്ചമൎക്കുകയാണ് ഹെരോദാവു ചെയ്തിരുന്നതു്. മററൊരു രാജാവു ജനിച്ചിരിക്കുന്നുവെന്നു കേട്ടപ്പോൾ ബേതലഹേമിൽ രണ്ടു വയസ്സിനുതാഴെയുള്ള സകലകുഞ്ഞുങ്ങളെയും ഹേരോദാവ് വധിച്ചതു് കുപ്രസിദ്ധമാണല്ലോ. (Mt. 2: 16) ഇതു തന്റെ അവസാനത്തെ പ്രവൃത്തികളിൽ ഒന്നാണ്. ക്രമമായി തന്റെ സുദീൎഘമായ ഭരണകാലത്തു അയാൾ എന്താണു ചെയ്തുകൊണ്ടിരുന്നതെന്നുള്ളതിനു ഇതൊരു ദൃഷ്ടാന്തമാണ്.

വളരെ പ്രാപ്തനും സമൎത്ഥനുമായ ഒരു രാജാവായിരുന്നതുകൊണ്ടു മഹാനായ ഹേരോദാവ് എന്ന പേരിനാൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം ബി. സി. നാലാം ആണ്ടിൽ ചരമമടഞ്ഞു. (ഹേരോദോവിന്റെ മരണത്തിനുമുമ്പ് കൎത്താവു ജനിച്ചു. എന്നാൽ ക്രിസ്ത്വാബ്ദം കണക്കാക്കുന്നതു് തന്റെ ജനനത്തിനു ശേഷം നാലോ അതിലധികമോ വർഷങ്ങൾ കഴിഞ്ഞപ്പോൾ മുതലാണ്. ഇതിനു കാരണം ആദിമക്രിസ്ത്യാനികൾ ക്രിസ്ത്വാബ്ദം കണക്കാക്കുമ്പോൾ അതു ക്ലിപ്തമായി തിട്ടപ്പെടുത്തുന്നതിനാവശ്യമായ ചരിത്രജ്ഞാനം അവൎക്കില്ലായിരുന്നുവെന്നുള്ളതാണ്. പിൽക്കാലത്തു ക്ലിപ്തമായി തിട്ടപ്പെടുമ്പോൾ വളരെ വർഷങ്ങൾ കഴിഞ്ഞുപോയതുകൊണ്ടു പിന്നീടതു മാററുവാൻ കഴിഞ്ഞില്ല) ഹേരോദാവു മരിച്ചപ്പോൾ രാജ്യം അയാളുടെ മക്കൾക്കായി റോമാക്കാർ വിഭജിച്ചുകൊടുത്തു. അവരെ രാജാക്കന്മാരെന്നു വിളിച്ചിരുന്നെങ്കിലും അവരുടെ യഥാൎത്ഥപേരു് ടെട്രാർക്കു അഥവാ നാലിലൊരംശം വിഭാഗത്തിന്റെ ഭരണാധികാരി എന്നായിരുന്നു. (MK 6: 14)

ഏതാണ്ടു് മുപ്പതുവർഷങ്ങൾക്കുശേഷം കൎത്താവിന്റെ പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ ഭരണക്രമം ഏതാണ്ടിപ്രകാരമായിരുന്നു. ഹേരോദേസ് പീലിപ്പോസ് ഗലീലാക്കടലിനു വടക്കും കിഴക്കുമുള്ള ഭാഗങ്ങൾ ഭരിച്ചിരുന്നു. അദ്ദേഹത്തിന്റെ തലസ്ഥാനനഗരിയാണ് കൈസറിയാ ഫിലിപ്പിയാ. ഹേരോദേസ് അന്തിപ്പാസ് ഗലീലായും പെറിയായും ഭരിച്ചിരുന്നു. യഹൂദിയാ പ്രദേശങ്ങൾ യറുശലേം തലസ്ഥാനമാക്കി വളരെ നാളത്തേയ്ക്കു റോമാക്കാരുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്നു. അവിടെ ഭരണം നടത്തിയിരു

**Punnathra Tile Works Kottayam.**
ETTUMANOOR A. O.

**പുന്നത്ര ഓട്ടു കമ്പനി**

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECILITY.

For further partriculars please write to:
P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

Licence No. 498 Dated 20-8-1946 Reg. M. 5268

THE CHURCH WEEKLY

# മലങ്കരസഭാ സംയോജനം

എം. സി. കുറിയാക്കോസ് റമ്പാൻ

മലങ്കരസഭാ രാജിയാലോചനയെക്കുറിച്ചു "ശങ്കരൻ പിന്നെയും തെങ്ങേൽ" എന്നു ചർച്ച് വീക്കിലി ഖേദം പ്രകടിപ്പിച്ചിരിക്കുന്നു. നമ്മുടെ രാജിയാലോചന പുത്തരി അല്ലല്ലൊ. ഓരോ കാലത്തു നടന്നിട്ടുള്ള രാജിയാലോചനകളെക്കുറിച്ചു ചിന്തിക്കുമ്പോൾ പുരോഗമനമത്രെ ഞാൻ കാണുന്നതു്.

മർദ്ദീനിലെ രാജിയാലോചനയിങ്കൽ വച്ചു് മലങ്കരയിൽ കാതോലിക്കായെ മേലാൽ വാഴിക്കരുതു് എന്നു ഏലിയാസു പാത്രിയർക്കീസുബാവാ തിരുമേനി നിർബന്ധിച്ചു. ഹോംസിലെ ആലോചനയിൽ കാതോലിക്കായെ സമ്മതിക്കയില്ല എന്നു അപ്രേംപാത്രിയർക്കീസ് ബാവാ ത് തമനസ്സുകൊണ്ടു ശഠിച്ചു. അലപ്പായിലെ ആലോചനയിൽ നെററി മേൽറൂശ്മായും കയ്യിൽ വടി പിടിപ്പീരുമുള്ളതായി ഒരു മണിക്കൂറോളം ദീർഘിക്കുന്ന ഒരു ശുശ്രൂഷയ്ക്കു കാതോലിക്കാബാവാ തിരുമേനി വിധേയനാകണമെന്നും മലങ്കര സുന്നഹദോസ് കൂട്ടമ്പോഴൊക്കെയും ഡെലിഗേററു ക്ഷണിക്കപ്പെടണമെന്നും എല്ലാ മെത്രാപ്പോലീത്തന്മാർക്കും മുമ്പായി അദ്ദേഹത്തിനു സീററു നൽകപ്പെടണമെന്നും വ്യവസ്ഥകൾ എഴുതപ്പെട്ടു. ഇപ്പോഴത്തെ ആലോചനയിലാകട്ടെ ഡെലിഗേററു് എന്ന പദംപോലും ഇല്ലെന്നു മാത്രമല്ല, മൂന്നുമിനിററിലധികം ദീർഘിക്കാത്ത ഒരു പ്രാർത്ഥനയോടെ കാതോലിക്കോസ് സ്വീകരിക്കപ്പെടാം എന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ പുരോഗമനം നടക്കുമ്പോൾ "ശങ്കരൻ പിന്നെയും തെങ്ങേൽ" എന്നു എന്തിനു വിലപിക്കുന്നു? സംയോജനം ഇപ്പോൾ നടക്കുകയില്ല എന്നതു തീർച്ചയത്രെ. എന്നാൽ അതിന്റെ സമയം ആദ്യത്തേതിനെക്കാൾ സമീപിച്ചിരിക്കുന്നു എന്നതും തീർച്ചതന്നെ.

പാത്രിയർക്കീസു കക്ഷിയിലെ രാജിയാലോചനക്കാരുടെ കൊങ്ങ ഇപ്പോൾ യൂലിയോസു തിരുമേനിയുടെ പിടിയിൽ ഇരിക്കുന്നു എന്നതും, കാതോലിക്കാ ബാവാതിരുമേനിയെ എതിർകക്ഷിനേതാവായിട്ടല്ലാതെ യോജിച്ചു പുരോഗമിക്കേണ്ട പൊതു മലങ്കരസഭയുടെ നേതാവായി കാണുവാൻ അവർക്കു കണ്ണില്ല എന്നതും അത്രെ സംയോജനത്തിനു തടസ്സമായി നിൽക്കുന്നതു്. ആ മനോഭാവം മാറുകയും, അടുത്ത കാതോലിക്കാ ഇപ്പോൾ ആ കക്ഷിയിൽ പെട്ടവനാകുവാൻ പാടില്ലാത്തതല്ലല്ലൊ എന്ന ചിന്തയും ദർശനവും അവർക്കു ഉണ്ടാകയും ചെയ്യുമെങ്കിൽ സംയോജനം സുസാധ്യമാകും. കാതോലിക്കാ വരോധനവാദം മൂലം നമ്മുടെ പട്ടത്വത്തെയും മൂറോൻകൂദാശാവകാശവാദം മൂലം നമ്മുടെ മാമോദീസായെയും കള്ളക്കാരനാൻ വർജ്ജനാവൈമനസ്യംമൂലം നമ്മുടെ ഭരണഗതിയേയും അപകടത്തിലാക്കുന്നവ ഉൾപ്പെടെയുള്ള ഇപ്പോഴത്തെ അനധികൃത വ്യവസ്ഥകൾ പത്തും അന്തർദ്ധാനം ചെയ്യും. യോജിപ്പിനുള്ള ഏക മാർഗ്ഗം സ്നേഹപൂർവം പരസ്പരം സ്വീകരിച്ചു യോജിക്കുക എന്നതത്രെ. വൈരാഗ്യപൂർവ്വം വ്യവസ്ഥകൾ എഴുതുക എന്നതല്ല.

പാത്രിയർക്കീസ് ജീവിച്ചിരിക്കുമ്പോൾ സുന്നഹദോസ് കൂട്ടുവാൻ യാതൊരു മെത്രാപ്പോലീത്തായ്ക്കും അധികാരമില്ലെന്നും അദ്ദേഹത്തിനെതിരായി സുന്നഹദോസ് കൂട്ടുന്നതിനു ശ്രമിച്ചാൽ അദ്ദേഹം മൗനം ദീക്ഷിക്കുന്നതല്ലെന്നും അഥവാ കൂടിയാൽ അതു ധിക്കാരപരവും കരിങ്ങാശ്രയോഗംപോലെ അസാധുവുമാണെന്നും, ആകയാൽ അബ്ദൽ മ്ശിഹാ പാത്രിയർക്കീസിനു മുടക്കുണ്ടെന്ന പ്രസ്താവന മാർ യൂലിയോസ് തിരുമേനിയുടെ ഒരു കെട്ടുകഥയാണെന്നും അദ്ദേഹത്തിന്റെ സമകാലീനനും എതിരാളിയുമായിരുന്ന അബ്ദുള്ള പാത്രിയർക്കീസ് ഒരിക്കലും അങ്ങനെ കല്പിച്ചിട്ടില്ലെന്നും, അദ്ദേഹത്തിനു മുടക്കുണ്ടെന്നു വിധി എഴുതുവാൻ യാതൊരു ന്യായാധിപനും സാധിച്ചിട്ടില്ലെന്നും പാത്രിയർക്കീസു കക്ഷിയിലെ രാജിയാലോചനക്കാർ മനസ്സിലാക്കിയാൽ കൊള്ളാം എന്നു ഈ ലേഖകൻ ആഗ്രഹിക്കുന്നു. അപ്പോൾ പ്രാർത്ഥന കൂടാതെയുള്ള സ്വീകരണം മനസ്സാക്ഷിയെ ബലികഴിക്കുന്നതകയില്ല. മനസ്സാക്ഷിക്കു അനുസരണമായിരിക്കും.

തെന്നിന്ത്യാസഭ പോലെയും, ഏതൊരു രാജ്യത്തെയും ഓർത്തഡോക്സ് സഭ പോലെയും ഇൻഡ്യയിലെ ഓർത്തഡോക്സ് സഭ സ്വതന്ത്രമായിരിക്കണം. ബ്രിട്ടീഷു മേധാവിത്വം വലിച്ചെറിഞ്ഞ നമുക്കു ഈ അറബിമേധാവിത്വം എന്തിനു? അബിസീനിയൻ സഭാ, അർമ്മീനിയൻസഭ ഈജിപ്തായസഭ എന്നിവയോടെന്നപ്രകാരം മാത്രം അന്ത്യോക്യൻ സഭയോടും ഇൻഡ്യൻ ഓർത്തഡോക്സ് സഭ ബന്ധപ്പെട്ടിരുന്നാൽ പോരയോ? അതിൽ കവിഞ്ഞു ബന്ധപ്പെടുന്നതിനാൽ നമുക്കു യാതൊന്നും സാധിപ്പാനില്ല. നമുക്കു അവരേയോ അവർക്കു നമ്മെയോ സഹായിപ്പാൻ കഴിവുമില്ലല്ലോ. ഏവംവിധമുള്ള സംയോജനമാണു് മലങ്കരസഭയ്ക്കു വേണ്ടിയിരിക്കുന്നതു്. അതു സാധിക്കണമെങ്കിൽ നമ്മെ അകററിനിർത്തുന്ന ശക്തിയായ മാർ യൂലിയോസു തിരുമേനി ഇൻഡ്യാ വിടണം. അപ്പോൾമാത്രമേ "മലങ്കരസഭ നമ്മുടെ സഭ" എന്ന ചിന്തയോടെ ആലോചനകൾ നടത്തുവാൻ പാത്രിയർക്കീസുകക്ഷിക്കു സാധിക്കയുള്ളു. അതുവരത്തേക്കു രാജിയാലോചന മാററിവയ്ക്കുകയത്രെ അത്യുത്തമം. മലങ്കരസഭയ്ക്കു പരിപൂർണ്ണ ഉൾഭരണസ്വാതന്ത്ര്യം ഉണ്ടായിരിക്കണം എന്നു ചിങ്ങവനം വട്ടമേശസമ്മേളനം ഐകകണ്ഠ്യേന ചെയ്ത തീരുമാനത്തെ രാജിയാലോചനക്കാർ വിസ്മരിക്കയോ അവഗണിക്കുകയോ ചെയ്യുന്നതു അത്യന്തം പരിതാപകരമായിരിക്കും. ആ തീരുമാനത്തിന്റെ വെളിച്ചത്തിൽ വേറെ വ്യവസ്ഥകൾ അനാവശ്യവും അതിനെ ഹനിക്കുന്നവയും അല്ലയോ?

---

ന്ന ഗവർണ്ണർക്കുപ്രൊക്കുറേറർ എന്നാണു് നാമകരണം ചെയ്തിരുന്നതു്. അയാൾക്കു ചക്രവർത്തിയോടു നേരിട്ടു ഉത്തരവാദിത്വമുണ്ടായിരുന്നു. യേശുക്രിസ്തുവിന്റെ കാലത്തു പീലാത്തോസാണു് ഈ സ്ഥാനം വഹിച്ചിരുന്നതു്.

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam